കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മലമ്പുഴ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
നം.കെ.എസ്.എ.പി.കെ.ഡി.പി14-1139/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 23/09/2025
ഇ-മെയിൽ:
dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മലമ്പുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മലമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മലമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന

ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ:
നം.കെ.എസ്.എ.പി.കെ.ഡി.പി14-1139/25

തീയ്യതി: 23/09/2025

പാലക്കാട് ജില്ലയിലെ മലമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ മലമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 09-04-2024 മുതൽ 18-06-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 27-06-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ

ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ഷോബി.വി.പി.	ഡെപ്യൂട്ടി ഡയറക്ടർ	19-06-2025	27-06-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
19-06-2025	27-06-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സുജാത.പി.- ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശബ്നാദാസ്.എസ്. - സീനിയർ ഗ്രേഡ് ഓഡിറ്റർ
മുഹമ്മദ് ഹിഷാം.എം.- സീനിയർ ഗ്രേഡ് ഓഡിറ്റർ
ഷാജിന്നീസ.എൻ. - ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
കുമാരി.രാധിക മാധവൻ	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീമതി.ശ്രീകുമാരി.ടി.വി.	സെക്രട്ടറി	01-04-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.ജ്യോതി.എം.ജി.	പ്രധാന അധ്യാപിക	01-04-2024	31-03-2025
ഡോ.ശ്രീഹരി.എസ്.	വെറ്ററിനറി സർജൻ	01-04-2024	31-03-2025
ഡോ.ജയപ്രസാദ്.ടി.കെ.	മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി.	01-04-2024	31-03-2025
ഡോ.നവനീത.കെ.പി.	മെഡിക്കൽ ഓഫീസർ, ആയുർവേദം	01-04-2024	15-01-2025
ഡോ.ബിഷ്ണു.എസ്.പ്രസാദ്	മെഡിക്കൽ ഓഫീസർ, ആയുർവേദം	16-01-2025	31-03-2025
ഡോ.രഹന എം.രവീന്ദ്രൻ	മെഡിക്കൽ ഓഫീസർ, ഹോമിയോ	01-04-2024	31-03-2025
ശ്രീ.തങ്കരാജ്.പി.	വി.ഇ.ഒ.	01-04-2024	31-03-2025
ശ്രീമതി.നിമ.കെ.	കൃഷി ഓഫീസർ	01-04-2024	31-03-2025
ശ്രീമതി.ആഭമോൾ.കെ.വി.	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	31-03-2025

ശ്രീമതി.പ്രിയങ്ക.യു.ബി.	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2024	31-03-2025
ശ്രീമതി.സ്മിത	ഐസിഡിഎസ് സൂപ്പർവൈസർ	01-04-2024	08-04-2024
ശ്രീമതി.അസീന.എസ്.	ഐസിഡിഎസ് സൂപ്പർവൈസർ	09-04-2024	31-03-2025

ഉള്ളടക്കം

ക്രമനം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല	1-1-1
3	കാഷ് ഫ്ലോ സ്റ്റേറ്റ്മന്റിലെ അപാകത	1-1-2
4	സിഎഫ്സി-വാർഷിക ധനകാര്യ പത്രിക, എസിആർ എന്നിവയിലെ ചെലവ്, സുലേഖ പ്രകാരമുള്ള ചെലവു പത്രികയുമായി പൊരുത്തപ്പെടുന്നില്ല.	1-1-3
5	ആസ്തി വിവരങ്ങൾ കാലികമാക്കിയിട്ടില്ല	1-1-4
6	കാലഹരണപ്പെട്ട ചെക്കുകൾ ക്രമീകരിച്ചിട്ടില്ല.	1-1-5
7	രജിസ്റ്ററുകളിലെ സംക്ഷിപ്തവും വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല.	1-1-6
8	ബജറ്റ്	1-2
9	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)	1-3
10	ഫണ്ട് വിനിയോഗം	1-4
11	പദ്ധതി അവലോകനം	1-5
12	തൊഴിലുറപ്പ് പദ്ധതി	1-6
13	ക്ഷേമപദ്ധതികൾ	1-7
14	ക്യാഷ് പരിശോധന	1-8
15	ആഭ്യന്തരനിയന്ത്രണം	1-9
16	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10

17	ലൈസൻസ് അനുവദിക്കൽ-കുറവായി ഈടാക്കിയ തുക സ്ഥാപന ഉടമയിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.	1-11
18	ലൈസൻസില്ലാതെ കുടുംബശ്രീ ജനകീയ ഹോട്ടൽ എന്ന പേരിൽ പ്രൈവറ്റ് സ്ഥാപനം പ്രവർത്തിച്ചത്- നിയമാനുസൃതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.	1-12
19	വിനോദ നികുതി ഇനത്തിൽ കനത്ത വരുമാന നഷ്ടം-നടപടികൾ ആവശ്യപ്പെടുന്നു.	1-13
20	വാടക വിശദാംശങ്ങൾ	1-14
21	കെ-സ്മാർട്ട് സോഫ്റ്റ് വെയർ സംബന്ധിച്ച അപാകങ്ങൾ	1-15
22	വിനിയോഗിക്കാത്ത ഗ്രാന്റ് തുകകൾ തിരിച്ചടക്കേണ്ടതാണ്	1-16
23	ഡെപ്പോസിറ്റ് പ്രവൃത്തികൾ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല	1-17
24	വാട്ടർ എ.ടി.എം- പ്രവർത്തനവും തുടർപരിപാലനവും ഉറപ്പുവരുത്തേണ്ടതാണ്	1-18
25	തനത് ഫണ്ടിൽ നിന്ന് നൽകിയ മുൻകൂറുകൾ ക്രമീകരിക്കേണ്ടതാണ്	1-19
26	മെൻസ്ട്രുവൽ കപ്പുകൾ വാങ്ങിയത് വിതരണം ചെയ്തിട്ടില്ല	1-20
27	ഫിറ്റ്നസ് ഇല്ലാതെ അംഗനവാടി പ്രവർത്തിക്കുന്നു	1-21
28	പുഷ്പ കൃഷി വികസനം പ്രോജക്ട്- അധിക നിരക്കിൽ സബ്സിഡി അനുവദിച്ചു	1-22
29	വെറ്റിനറി സർജൻ നിർവഹണം നടത്തിയ പ്രോജക്ടുകൾ-അപാകതകൾ	1-23
30	ഭവന പുനരുദ്ധാരണം ജനറൽ പ്രോജക്ട്	1-24
31	സ്ഥാപനമേധാവിയിൽ നിന്നുള്ള സാക്ഷ്യപത്രം ലഭ്യമല്ല	1-25-1
32	ബില്ലിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തിയിട്ടില്ല	1-25-2

33	പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്- പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ	1-25
34	എസ്.ടി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ- വാങ്ങൽ നടപടിക്രമങ്ങളിൽ അപാകം	1-26
35	എസ്.എസ്.എ വിഹിതം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല	1-27
36	ആയുർവേദം- മെഡിക്കൽ ഓഫീസർ പദ്ധതികൾ നടപ്പാക്കാനവശേഷിക്കുന്നു.	1-28
37	ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്നു വാങ്ങൽ പദ്ധതി- മുഴുവൻ മരുന്നും ലഭ്യമാക്കിയിട്ടില്ല.	1-29
38	സബ്സെന്ററുകളിലേക്ക് കംപ്യൂട്ടർ വാങ്ങൽ -വിതരണരേഖകൾ ഹാജരാക്കിയിട്ടില്ല	1-30
39	ആനക്കൽ ഹെൽത്ത് സബ് സെന്റർ കെട്ടിട നിർമ്മാണം - നാളിതുവരെ പൂർത്തീകരിച്ചില്ല	1-31-1
40	എലിവാൽ ഹെൽത്ത് സബ് സെന്റർ കെട്ടിട നിർമ്മാണം - നാളിതുവരെ പൂർത്തീകരിച്ചില്ല	1-31-2
41	പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല	1-32
42	ലക്ഷം വീട് കോളനി ഡ്രൈനേജ് നിർമ്മാണം-നാളിതുവരെ പൂർത്തിയായില്ല	1-33
43	ആയുർവേദ ഹോസ്പിറ്റലിൽ സ്റ്റോർ റൂം നിർമ്മാണം-തുടർ നടപടി സ്വീകരിക്കേണ്ടതാണ്	1-34
44	റോഡ് ടാറിംഗ് പ്രവൃത്തിയുടെ അവസാന ബില്ലിൽ നിന്നും ടാർ ബാരലുകളുടെ വില കുറവു ചെയ്തില്ല	1-35

45	ഹോമിയോ ഡിസ്പെൻസറി കെട്ടിട നിർമ്മാണം -പൂർത്തിയാക്കേണ്ടതാണ്	1-36
46	ജൽജീവൻ മിഷൻ-വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.	1-37
47	ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും	1-38
	ഭാഗം 2	
1	ലൈസൻസ് അനുവദിക്കൽ-കുറവായി ഈടാക്കിയ തുക സ്ഥാപന ഉടമയിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.	2-1
	ഭാഗം 3	
1	പുഷ്പ കൃഷി വികസനം - അധിക സബ്സിഡി അനുവദിച്ചു	3-1
2	റോഡ് ടാറിംഗ് പ്രവൃത്തിയുടെ അവസാന ബില്ലിൽ നിന്നും ടാർ ബാരലുകളുടെ വില കുറവു ചെയ്തില്ല	3-2
	ഭാഗം 4	
1	മെഡിസെപ് പ്രീമിയം- തുക ഒടുക്കിയതിന്റെ വിവരം	4-1
2	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-2
3	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	നിക്ഷേപ പ്രവൃത്തികൾക്ക് തുക നൽകിയതിന്റെ വിവരം	4-4
5	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-5
6	വായ്പ / വായ്പാതിരിച്ചടവ്	4-6
7	സ്ഥിര നിക്ഷേപം	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-9

10	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	വാർഷിക കണക്ക്-സംക്ഷിപ്തം-പത്രികകൾ	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. മലമ്പുഴ ഗ്രാമ പഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 26-4-2025 തീയതിയിലെ 1/1-ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 26-4-2025തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന്

ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

ബി. വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മലമ്പുഴ ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : പാലക്കാട്

തീയതി :23-09-25

ഡെപ്യൂട്ടി ഡയറക്ടർ

1-1-1 അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം താഴെപ്പറയുന്നവ വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

എ) ചട്ടം 62 ഇ – അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ – പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ തുടങ്ങിയവ

ബി) ചട്ടം 62 എഫ് – അടിസ്ഥാന അനുപാതങ്ങൾ

1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മന്റിലെ അപാകത

കാഷ് ഫ്ലോ സ്റ്റേറ്റ്മന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 4873537 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2702035രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും ഗ്രാമ പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-3 സിഎഫ്സി-വാർഷിക ധനകാര്യ പത്രിക, എസിആർ എന്നിവയിലെ ചെലവ്, സുലേഖ പ്രകാരമുള്ള ചെലവു പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

സിഎഫ്സി-അൺടൈഡ് ബാങ്ക് യഥാർത്ഥ ചെലവ് ₹4647193യും ബാലൻസ് ₹7197608യും ആണ്. എന്നാൽ AFS-ൽ അൺടൈഡ് ചെലവ് ₹ 4794843 (1863774

+2930768 +301(Bank Charges) ഉം ബാലൻസ് (B-4) പ്രകാരം ₹7049958 ഉം ആണ്.

**സിഎഫ്സി-ടൈഡ് യഥാർത്ഥ ചെലവ് ₹4412045യും ബാലൻസ് ₹20487219യും ആണ്. എന്നാൽ AFS-ൽ ടൈഡ് ചെലവ് ₹4264395 (1836180+2428215 ഉം ബാലൻസ് (B-4) പ്രകാരം

₹20634869 ഉം ആണ്

എസിആർ പ്രകാരം സിഎഫ്സി-അൺടൈഡ് ചെലവ് ₹5593476 ഉം സിഎഫ്സി-ടൈഡ് ചെലവ് ₹5086745 ഉം ആണ്. പൊരുത്തപ്പെടുന്നില്ല.

വ്യത്യാസത്തിനുള്ള കാരണം പ്രൊ.നം. 218/25-സിസിടിവി ഇൻസ്റ്റലേഷൻ ഇൻ എംസിഎഫ് എന്ന പദ്ധതിയുടെ ചെലവ് ₹147650 സിഎഫ്സി ടൈഡിൽ നിന്നും ചെയ്യുന്നതിനു പകരം സിഎഫ്സി ബേസിക്കിൽ നിന്നും ചെയ്തതും സിഎഫ്സി ബേസിക്ക് എസിആറിൽ പ്രൊ.നം. 192/25 -കമ്മ്യൂണിറ്റി ഹാൾ മെയിന്റനൻസ് എന്ന പ്രൊജക്ടിന്റെ ചെലവു തുക ₹241286 Q-Bill ആയിട്ടുള്ളത് ഉൾപ്പെട്ടിട്ടുള്ളതിനാലുമാണ്.

1-1-4 ആസ്തി വിവരങ്ങൾ കാലികമാക്കിയിട്ടില്ല

ആസ്തി വിവരങ്ങൾ കാലികമാക്കാത്തതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11- Fixed Assets, B-11(A) - Accumulated Depreciation , B-11(E)- Capital Expenses (Infrastructure Sector)എന്നിവ പ്രകാരമുള്ള മൂല്യത്തിന്റെ കൃത്യത ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല.

1-1-5 കാലഹരണപ്പെട്ട ചെക്കുകൾ ക്രമീകരിച്ചിട്ടില്ല.

താഴെ പറയുന്ന ചെക്കുകൾ നാളിതു വരെയും ക്രമീകരിച്ചിട്ടില്ല.

ബാങ്ക്/ അക്കൗണ്ട് നം.	ഇനം	ചെക്ക് നം./ തീയതി	തുക
സർവ്വീസ് കോ-ഓപ്പറേറ്റിവ് ബാങ്ക്, മലമ്പുഴ-3835-Own Fund	Cheque Issued But Not Presented In To Bank.	80584/22.11.22	1000
“	“	80565/13.12.22	2000

“	“	81926/10.10.23	1000
“	Cheque Deposited,Not Cleared	- /25.03.22	2772
കാനറ ബാങ്ക്, മലമ്പുഴ -743201000155	Cheque Deposited, Not Cleared	- / 25.02.22	65750

മേൽ പരാമർശം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.26/28.06.2025) മറുപടിയായി 2025-26 വർഷം കെ-സ്മാർട്ട് സോഫ്റ്റ്വെയറിൽ ക്രമീകരിക്കുന്നതാമെന്ന് മറുപടി നൽകിയിട്ടുണ്ട്.സ്ഥാപനം ഇഷ്യു ചെയ്ത മൂന്ന് മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റേണ്ടതാണെങ്കിലും അപ്രകാരം നടപടി സ്വീകരിച്ചിട്ടില്ല. Cheque Deposited, Not Cleared എന്ന വിഭാഗത്തിലെ 68522 രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

1-1-6 രജിസ്റ്ററുകളിലെ സംക്ഷിപ്തവും വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല.

വിവിധ ഇനങ്ങളിൽ രജിസ്റ്ററുകളിലെ വാർഷിക സംക്ഷിപ്തവും വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല.

ഇനം	അക്കൗണ്ട് ഹെഡ്	അക്കൗണ്ട്സ് പ്രകാരം	രജിസ്റ്റർ പ്രകാരം
Advance Collection Of Licence Fee For Factories,Traders, Entreprenures And Other Service	വരവ് (RP-35)	105200	126500

Advance Collection Of Professional Tax-Institution/Professioners/Traders	വരവ് (RP-35)	130300	112900

മേൽ അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം. 28/28.06.2025) ഭാഗികമായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പെർമിറ്റ് ഫീ സംബന്ധിച്ചതു ഒഴികെയുള്ള മറ്റ് അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-2 ബജറ്റ്

9.2.2024 തീയതിയിലെ 1-ാം നം. തീരുമാനപ്രകാരം 2024-25 വർഷത്തെ ബജറ്റ് അംഗീകരിച്ചു.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

മുന്നിരിപ്പ്	₹6705007
വരവ്	₹215677200
ആകെ	₹222382207
ചെലവ്	₹217267200
നീക്കിയിരിപ്പ്	₹5115007

15.2.2025 തീയതിയിലെ 2/1-ാം നം. തീരുമാനപ്രകാരം ബജറ്റ് താഴെ പറയും പ്രകാരം ഭേദഗതി ചെയ്തിട്ടുണ്ട്.

മുന്നിരിപ്പ്	₹11071775
വരവ്	₹212144600
ആകെ	₹223216375
ചെലവ്	₹217320147
നീക്കിയിരിപ്പ്	₹5896228

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	₹48625219
വരവ്	₹48095538
ആകെ	₹96720757
ചെലവ്	₹43222001
നീക്കിയിരിപ്പ്	₹53498756

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻ ബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സായതുക
വികസനഫണ്ട്-ജനറൽ	0	31608353	31608353	31309178	299175
വികസനഫണ്ട് എസ്.സി.പി	0	6182000	6182000	3390535	2791465
വികസനഫണ്ട് ടി.എസ്.പി.	0	3894000	3894000	2647995	1246005
മെയ്ന്റനൻസ് ഗ്രാന്റ് റോഡ്	0	12174000	12174000	9852732	2321268
മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ്	0	5146000	5146000	4848463	297537

സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്)-ബാങ്ക്	5771131	5427000 +646670 (Int.) =6073670	11844801	4647193 (1863774 +2783118 +301(Bank Charges) *	7197608*
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്)-ട്രഷറി	0	977967	977967	705298	272669
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്)-ബാങ്ക്	12650764	12248500	24899264	4412045 (1836180+ 147650+ 2428215)**	20487219**
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്)-ട്രഷറി	0	1349399	1349399	674700	674699

സിഎഫ്സി ടൈഡ് & അൺടൈഡ് (ബാങ്ക്) -യഥാർത്ഥ വരവ് ചെലവ് വിവരങ്ങളാണ് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

*സിഎഫ്സി-അൺടൈഡ് ബാങ്ക് യഥാർത്ഥ ചെലവ് ₹4647193യും ബാലൻസ് ₹7197608യും ആണ്. എന്നാൽ AFS-ൽ അൺടൈഡ് ചെലവ് ₹ 4794843 (1863774

+2930768 +301(Bank Charges) ഉം ബാലൻസ് (B-4) പ്രകാരം ₹7049958 ഉം ആണ്.

**സിഎഫ്സി-ടൈഡ് യഥാർത്ഥ ചെലവ് ₹4412045യും ബാലൻസ് ₹20487219യും ആണ്. എന്നാൽ AFS-ൽ ടൈഡ് ചെലവ് ₹4264395 (1836180+2428215 ഉം ബാലൻസ് (B-4) പ്രകാരം ₹20634869 ഉം ആണ്

എസിആർ പ്രകാരം സിഎഫ്സി-അൺടൈഡ് ചെലവ് ₹5593476 ഉം സിഎഫ്സി-ടൈഡ് ചെലവ് ₹5086745 ഉം ആണ്.

വ്യത്യാസത്തിനുള്ള കാരണം പ്രൊ.നം. 218/25- എംസിഎഫിൽ സിസിടിവി സ്ഥാപിക്കൽ എന്ന പദ്ധതിയുടെ ചെലവ് ₹147650 സിഎഫ്സി ടൈഡിൽ നിന്നും ചെയ്യുന്നതിനു പകരം സിഎഫ്സി ബേസിക്കിൽ നിന്നും ചെയ്തതും സിഎഫ്സി ബേസിക്ക് എസിആറിൽ പ്രൊ.നം. 192/25 -കമ്മ്യൂണിറ്റി ഹാൾ മെയിന്റനൻസ് എന്ന പ്രൊജക്ടിന്റെ ചെലവു തുക ₹241286 Q-Bill ആയിട്ടുള്ളത് ഉൾപ്പെട്ടിട്ടുള്ളതിനാലുമാണ്.

<u>കേന്ദ്രാവിഷ്കൃതം</u>

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
സമ്പൂർണ്ണ ശുചിത്വം	0	48000	48000	48000	0
ICDS	2166009	1530103	3696112	2300246	1395866
Health Grant - Grant For	121533	482000 +4671	608204	111050	497154

Specific Purposes-Health Grant Towards Conversion Of PHCs And Subcentres Into Health And Wellness Centres		=486671			
Health Grant Towards Support For Diagnostic Infrastructure To The PHCs	663286	288000 +20005=308005	971291	643275	328016
Health Grant Towards Buildingless Subcentres, PHCs And CHCs	5611000	188199	5799199	2170722	3628477

2. തൊഴിലുറപ്പു പദ്ധതി

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
എം.എൻ.ആർ. ഇ.ജി.എസ്-	0	1936262	1936262	1935226	1036

അഡ്മിനിസ്ട്രേറ്റീവ് ചെലവ്					
എം.എൻ.ആർ. ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം	0	37985769	37985769	37985769	0
ആകെ	0	39922031	39922031	39920995	1036

സംസ്ഥാനാവിഷ്കൃതം

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
സമ്പൂർണ്ണ ശുചിത്വം	1650660	27405	1678065	50	1678015
ലൈഫ് മിഷൻ(ജനറൽ)	1849796	42235	1892031	1650000	242031

പ്രത്യേകോദ്ദേശ്യ ഗ്രാന്റ്

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ആയുഷ് മിഷൻ, ഹോമിയോ	500000	0	500000	71835*	500000
ആയുഷ് മിഷൻ, ആയുർവേദം	470002	0	470002	298398** +44418 =342816	127186

* 2023-24ലെ ചെലവ്. I-19 Prior- Period Income -19020401ൽ ഉൾപ്പെട്ട തുക.

** 2023-24ലെ ചെലവ്. I-19 Prior- Period Income -19020401ൽ ഉൾപ്പെട്ട തുക.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
274	303508225	189	76945716	0	85	68.98

വിവിധ നിർവഹണ ഉദ്യോഗസ്ഥർ അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥർ	പദ്ധതികളുടെ എണ്ണം	നടപ്പാക്കിയത്	ആകെ അടങ്കൽ തുക	ചെലവഴിച്ച തുക	ചെലവ് %
കൃഷി ഓഫീസർ	7	7	8163750	5736199	70.26
വി.ഇ.ഒ.	42	19	204676192	23193311	11.33
ഐ.സി.ഡി.എസ് സൂപ്പർവൈസർ	7	6	5727200	4339659	75.77
സെക്രട്ടറി	66	42	27146702	11591279	42.7
അസിസ്റ്റന്റ് എഞ്ചിനീയർ	87	62	38806025	19873362	51.21
മെഡിക്കൽ ഓഫീസർ-FHC	29	22	6908974	5156428	74.63

മെഡിക്കൽ ഓഫീസർ-ആയുർവേദം	6	4	700000	616678	88.1
മെഡിക്കൽ ഓഫീസർ-ഹോമിയോ	2	2	250000	233296	93.32
വെറ്ററിനറി സർജ്ജൻ	13	10	6273231	2112612	33.68
പ്രധാന അധ്യാപകൻ	13	13	2904658	2141399	73.72
ഡയറി ഫാം ഇൻസ്ട്രക്ടർ	2	2	1951493	1951493	100
ആകെ	274	189	303508225	76945716	25.35

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

1-6 തൊഴിലുറപ്പ് പദ്ധതി

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
എം.എൻ.ആർ. ഇ.ജി.എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ്	0	1936262	1936262	1935226	1036
എം.എൻ.ആർ. ഇ.ജി.എസ്-	0	37985769	37985769	37985769	0

തൊഴിലാളികളുടെ വേതനം					
ആകെ	0	39922031	39922031	39920995	1036

1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നം.	ക്ഷേമ പദ്ധതി	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
1	കർഷക തൊഴിലാളി പെൻഷൻ	1785800	117
2	വിധവാ പെൻഷൻ	9067800	597
3	വാർദ്ധക്യകാല പെൻഷൻ	15370500	1114
4	വികലാംഗ പെൻഷൻ	2469200	160
5	50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ	425800	30

1-8 ക്യാഷ് പരിശോധന

മലമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.06.2025 തീയ്യതിയിൽ 03.40 PM മണി സമയത്ത് അക്കൗണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ആയിരത്തി മുന്നൂറ്റി എൺപത്തി ആറ് രൂപയുടെ (₹1386/-) വരവിന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ വിഷയങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്.

2025 ഏപ്രിൽ മാസം മുതൽ ഗ്രാമപഞ്ചായത്തിൽ കെ-സ്മാർട്ട് നടപ്പിലാക്കിയിട്ടുണ്ട്.

2025 ഏപ്രിൽ മാസം മുതൽ ബാങ്ക് അക്കൗണ്ടുകളുടെ മാസാന്ത്യ പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കിയിട്ടില്ല.

ഐഎസ്ഒ സർട്ടിഫിക്കേഷൻ 2024 ആഗസ്റ്റ് മാസം പ്രാബല്യത്തിൽ പുതുക്കിയിട്ടുണ്ട്.

തനതു വരുമാനം കുറവായ ഗ്രാമപഞ്ചായത്തിൽ ആയത് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിനോദ നികുതി ഇനത്തിലുള്ള വരുമാന ചോർച്ച തടയേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

അക്കൗണ്ടന്റ് ജനറലിന്റെ 25.02.2023 മുതൽ 7.03.23 വരെയുള്ള ഓഡിറ്റിൽ 2017-18 മുതൽ 2021-22 വർഷം വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്.

പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന്റെ 24.08.2022ൽ നടന്ന ഓഡിറ്റിൽ 8/2022 മാസത്തെ കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. പരാമർശങ്ങൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

1-11 ലൈസൻസ് അനുവദിക്കൽ-കുറവായി ഈടാക്കിയ തുക സ്ഥാപന ഉടമയിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

2024-25 വർഷത്തിൽ ലൈസൻസ് അനുവദിച്ചത് ക്രമപ്രകാരമാണോ എന്ന് വിലയിരുത്തുന്നതിനായി ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചു. താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1)വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല.ലൈസൻസ് എടുത്ത 150 സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കേണ്ടതാണ്. ഇതിനായി വാർഡ് അടിസ്ഥാനത്തിൽ പെർമെനന്റ് ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

2)സഞ്ചയയിലെ ഡാറ്റ പ്രകാരം 594 വാണിജ്യാവശ്യത്തിനായുള്ള കെട്ടിടങ്ങളും ഹരിതമിത്രം പോർട്ടൽ പ്രകാരം 424 വാണിജ്യ സ്ഥാപനങ്ങളും ആണ് ഉള്ളത്.എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം 150 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിരിക്കുന്നത്.ലൈസൻസ് എടുക്കാതെ അനധികൃതമായി പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങളെ ഫീൽഡ് പരിശോധനയിലൂടെ കണ്ടെത്തി ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3)MSME Development Act, 2006 പ്രകാരം ലൈസൻസ് എടുത്ത വ്യവസായ സ്ഥാപനങ്ങൾ സഞ്ചയ പ്രകാരമോ ലൈസൻസ് രജിസ്റ്റർ പ്രകാരമോ നിലവിലില്ല.

4)ഹോട്ടൽ ഗോവർദ്ധന-ബാർ എന്ന സ്ഥാപനത്തിന്റെ, മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി സാക്ഷ്യപത്രത്തിന്റെ കാലാവധി 30.06.23ന് അവസാനിച്ചിട്ടുണ്ട്. 2024-25 വർഷത്തെ ലൈസൻസ്, 5000 രൂപ ഈടാക്കി അനുവദിച്ചിട്ടുമുണ്ട്. അനുമതി സാക്ഷ്യപത്ര പ്രകാരം മൂലധനം 2 കോടി 88 ലക്ഷം രൂപയാണ്. ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ്

നൽകൽ പ്രകാരമുള്ള പരിഷ്കരിച്ച ചട്ടങ്ങളിലെ പട്ടിക II പ്രകാരം 2 കോടി രൂപയിൽ കൂടുതൽ മൂലധനമുള്ള സേവനമേഖലയിൽ പെടുന്ന സ്ഥാപനങ്ങൾക്ക് 10000 രൂപയാണ് ഈടാക്കേണ്ടത്. മേൽ അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.19/27.06.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈസൻസ് തുക കുറവായി ഈടാക്കിയതിൽ വന്ന നഷ്ടം (5000/-രൂപ) നികത്താൻ സ്ഥാപന ഉടമയിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ പുതുക്കിയ സാക്ഷ്യപത്രം, ഫയർ എൻ.ഒ.സി അടക്കമുള്ള അനുബന്ധ രേഖകളുടെ പകർപ്പ് എന്നിവ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.
(ഖണ്ഡിക 2-1 ൽ ചേർത്തിട്ടുണ്ട്)

5)കെ.ഇ.എം.എസ്.പവർ സൊല്യൂഷൻസ്,പ്ലായംപള്ളം എന്ന സ്ഥാപനം തൻ വർഷം ലൈസൻസ് എടുത്തിട്ടില്ല. ലൈസൻസിനുള്ള അപേക്ഷ നൽകിയിട്ടുണ്ടെങ്കിലും ഫീ അടവാക്കിയിട്ടില്ല.ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതിന് ചട്ട പ്രകാരമുള്ള പിഴ ഈടാക്കേണ്ടതാണ്.
മേൽ അപാകങ്ങൾക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.19/27.06.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-12 ലൈസൻസില്ലാതെ കുടുംബശ്രീ ജനകീയ ഹോട്ടൽ എന്ന പേരിൽ പ്രൈവറ്റ് സ്ഥാപനം പ്രവർത്തിച്ചത്- നിയമാനുസൃതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

അമ്മ കുടുബശ്രീ ജനകീയ ഹോട്ടൽ എന്ന പേരിൽ ഒരു പ്രൈവറ്റ് സ്ഥാപനം 5 വർഷമായി ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നുവെന്നും തുടർന്ന് ഭരണസമിതിയും ആരോഗ്യവകുപ്പും പിഴ ചുമത്തി സ്ഥാപനം പൂട്ടിക്കുകയും ചെയ്തുവെന്നും എന്നാൽ വീണ്ടും പ്രവർത്തിക്കാനുള്ള അനുമതി ഹെൽത്ത് ഇൻസ്പെക്ടർ നൽകിയെന്നും 05.09.2024 തീയതിയിലെ ഭരണ സമിതി 1 ാം നമ്പർ തീരുമാനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

സ്ഥാപനം പ്രവർത്തിച്ച കെട്ടിടം അനധികൃതമാണെന്നും ഭരണസമിതി ചുമത്തിയ പിഴ അടവാക്കിയിട്ടില്ലെന്നും യോഗത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. നിലവിൽ സ്ഥാപനത്തിന്റെ പ്രവർത്തനം സംബന്ധിച്ച വിവരങ്ങളും സ്ഥാപനം പ്രവർത്തിച്ച കെട്ടിടം അനധികൃതമാണെങ്കിൽ നിയമാനുസൃതമായ നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടുണ്ടോ എന്നും ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ചതിന് പിഴ ഈടാക്കിയിട്ടുണ്ടോ എന്നുമുള്ള വിവരങ്ങൾ അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 09/ 24.06.2025) ഭരണ സമിതി തീരുമാന പ്രകാരം കുടുംബശ്രീ ജനകീയ ഹോട്ടൽ എന്ന നിലയിലുള്ള പ്രവർത്തനം നിർത്തലാക്കിയതിനാൽ പിഴ അടവാക്കിയിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. ലൈസൻസില്ലാതെ 5 വർഷം പ്രവർത്തിച്ചതിന് നിയമാനുസൃതമായ പിഴ ഈടാക്കേണ്ടതാണ്. ഇപ്രകാരം നിയമാനുസൃത ലൈസൻസില്ലാതെ ജനകീയ ഹോട്ടൽ പ്രവർത്തിക്കുവാൻ സാഹചര്യമൊരുക്കിയത് ഗുരുതര വീഴ്ചയാണ്. മാത്രമല്ല പ്രസ്തുത കാലയളവിൽ ജനകീയ ഹോട്ടൽ എന്ന നിലയ്ക്ക് നിരവധി ആനുകൂല്യങ്ങൾ നേടിയെടുത്തതായും ഭരണസമിതി തീരുമാനത്തിൽ പറയുന്നുണ്ട്. സ്ഥാപനം പ്രവർത്തിച്ച കെട്ടിടം അനധികൃതമെങ്കിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും നിലവിൽ പ്രസ്തുത കെട്ടിടത്തിൽ ലൈസൻസില്ലാതെ മറ്റു സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല. മേൽ പറഞ്ഞ അപാകങ്ങൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-13 വിനോദ നികുതി ഇനത്തിൽ കനത്ത വരുമാന നഷ്ടം-നടപടികൾ ആവശ്യപ്പെടുന്നു.

സ.ഉ.(കൈ) നം.17/2024/LSGD തീയതി, 31-01-2024 പ്രകാരം 1961-ല കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയ്ൻമെന്റ് ടാക്സ് ആക്റ്റിലെ വകുപ്പ് 3B യിൽ പ്രതിപാദിക്കുന്ന അമ്യൂസ്മെന്റ് പാർക്കുകൾക്ക് പ്രസ്തുത ആക്റ്റ് പ്രകാരവും, മറ്റുള്ളവയ്ക്ക് ഓരോ ടിക്കറ്റിന്റെയും Payment For Admission ന്റെ 10% നിരക്കിലും വിനോദനികുതി

ഈടാക്കേണ്ടതാണ്. പഞ്ചായത്ത് ഭരണസമിതിയുടെ 25.06.24 തീയതിയിലെ 13 ാം നമ്പർ തീരുമാനപ്രകാരം മലമ്പുഴ ഗാർഡൻ, സ്നേക്ക് പാർക്ക്, ഫാന്റസി പാർക്ക്, കെ.റ്റി.ഡി.സി റോക്ക് ഗാർഡൻ, സഫാരി പാർക്ക്, കെ.റ്റി.ഡി.സി ബോട്ടിംഗ്, ഫ്രഷ് വാട്ടർ അക്വേറിയം എന്നിവയ്ക്ക് വിനോദ നികുതി ഈടാക്കുന്നതിന് തീരുമാനമായിട്ടുള്ളതാണ്. എന്നാൽ 2024-25 വർഷത്തിൽ മലമ്പുഴ റോപ് വേയ്ക്ക് മാത്രമാണ് വിനോദ നികുതി ഈടാക്കിയിട്ടുള്ളത്. മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും വിനോദ നികുതി ഈടാക്കാത്തതിന് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.8/24.06.2025) ഫാന്റസി പാർക്ക്-വിനോദ നികുതിയുമായി ബന്ധപ്പെട്ട വ്യവഹാരം ഹൈക്കോടതിയിൽ നടക്കുന്നുണ്ടെന്നും മറ്റ് സ്ഥാപനങ്ങളിൽ നിന്നും വിനോദ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ തുടർന്നുകൊണ്ടിരിക്കുകയാണെന്നും മറുപടി നൽകിയിട്ടുണ്ട്. മലമ്പുഴ പോലെയുള്ള ടൂറിസം മേഖലകളിൽ വിനോദനികുതിയ്ക്കുള്ള സാധ്യതകൾ ഏറെയാണ്. സഫാരി പാർക്ക് പോലെയുള്ള പ്രൈവറ്റ് സ്ഥാപനങ്ങളിൽ നിന്നു പോലും വിനോദനികുതി ഈടാക്കാത്തത് ഈ മേഖലയിൽ നിന്നുള്ള വരുമാന സാധ്യതകൾക്ക് കനത്ത നഷ്ടം സൃഷ്ടിക്കുന്നു. ഫാന്റസി പാർക്ക് ഒഴികെയുള്ള(കേസ് തീർപ്പാകും വരെ) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും വിനോദനികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-14 വാടക വിശദാംശങ്ങൾ

2024-25 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം Rent From Buildings എന്ന ഹെഡിൽ 36160 രൂപയും Daily Rentals From Local Body Properties എന്ന ഹെഡിൽ 23906 രൂപയും കളക്ഷനായിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(11/25.06.2025) 36160 രൂപ K.S.E.B.യ്ക്ക് വാടകയ്ക്ക് നൽകിയ 12/455 നമ്പർ കടമുറിയുടെ 2024 ഏപ്രിൽ മാസം മുതൽ ജൂലൈ വരെയുള്ള വാടകയും, 23906 രൂപ കമ്മ്യൂണിറ്റി ഹാളിൽ വാടകയ്ക്ക് നൽകിയ സ്റ്റീൽ ഗ്ലാസുകളുടെയും സ്റ്റീൽ പ്ലേറ്റുകളുടെയും വാടക ആണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത വിവരങ്ങൾ രേ

ഖപ്പെടുത്തിയ വാടക രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയതിനാൽ K.S.E.B.യ്ക്ക് വാടകയ്ക്ക് നൽകിയ കടമുറിയുടെ 2024 ആഗസ്റ്റ് മുതൽ നാളിതു വരെയുള്ള വാടക ഈടാക്കിയിട്ടുണ്ടോ എന്ന വിവരം ലഭ്യമല്ല. പ്രസ്തുത വിവരം അറിയിക്കേണ്ടതും വാടക രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്.

1-15 കെ-സ്മാർട്ട് സോഫ്റ്റ് വെയർ സംബന്ധിച്ച അപാകങ്ങൾ

മലമ്പുഴ ഗ്രാമ പഞ്ചായത്തിൽ 2025 ഏപ്രിൽ മാസം മുതൽ നടപ്പാക്കിയ കെ- സ്മാർട്ട് സോഫ്റ്റ് വെയറിലെ ഏപ്രിൽ മാസം മുതൽ നാളിതുവരെയുള്ള ഇടപാടുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

. മലമ്പുഴ ഗ്രാമ പഞ്ചായത്തിൽ കെ.സ്മാർട്ട്-ബാങ്ക് ബുക്കിൽ 23.04.2025 മുതലാണ് ഇടപാടുകൾ രേഖപ്പെടുത്തിയിരിക്കുന്നത്. ഓരോ ബാങ്ക് അക്കൗണ്ടിലെയും മുന്നിരിപ്പ്, ദൈനംദിന നീക്കിയിരിപ്പ് മുതലായവ ലഭ്യമല്ല.

. ഏപ്രിൽ മാസം ആദ്യ വാരത്തിൽ നടത്തിയ പണം പിൻവലിക്കലുകൾ 23.04.2025 മുതൽക്ക് ആണ് വൗച്ചറുകളായി രേഖപ്പെടുത്തിയിരിക്കുന്നത്.

ഉദാ:

ബാങ്ക് / അക്കൗണ്ട് നം.	തുക/ ബാങ്കിൽ നിന്നും പിൻവലിച്ച തീയതി	കെ-സ്മാർട്ട് ബാങ്ക് ബുക്ക് പ്രകാരം വൗച്ചർ ആക്കിയ തീയതി
സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, മലമ്പുഴ-3835-Own Fund	₹386594/ 02.04.25	23.04.2025
“	₹10300/ 07.04.2025	,,

കാനറ ബാങ്ക്-Own Fund-743201000155	₹159333/ 09.04.25	,,
	₹7688/ 09.04.25	,,
	₹28270/11.04.25	,,

2025 ഏപ്രിൽ 11 മുതൽ നിലവിൽ വന്ന കെ-സ്മാർട്ട് സോഫ്റ്റ് വെയറിൽ പണം പിൻവലിക്കലുകളുടെ വൗച്ചറുകൾ രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിൽ വന്ന കാല താമസമാണ് ബാങ്ക് ബുക്കിൽ 23.04.2025 മുതൽ ഇടപാടുകൾ രേഖപ്പെടുത്തിയിരിക്കുന്നത് എന്ന് ഓഡിറ്റ് അന്വേഷണത്തിന് (25/28.06.2025) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

. കേരള സർക്കാർ തദ്ദേശ സ്വയം ഭരണ (ആർ.ഡി) വകുപ്പിന്റെ 28/3/2011 തീയതിയിലെ ജി.ഒ.(എം.എസ്)83/11/എൽ.എസ്.ജി.ഡി നമ്പർ വിജ്ഞാപനത്തിലെ അക്കൗണ്ടിങ്ങ് ചട്ടം 57പ്രകാരം ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഓരോ മാസവസാനവും പൊരുത്തപ്പെടുത്തി അടുത്ത മാസം അഞ്ചാം തീയതിക്കകം പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കേണ്ടതാണ് എന്നാൽ 2025 ഏപ്രിൽ മാസം മുതൽ ബാങ്ക് അക്കൗണ്ടുകളുടെ മാസാന്ത്യ പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കിയിട്ടില്ല. ബാങ്ക് ബുക്കുകളിൽ മാസാവസാനമുള്ള നീക്കിയിരിപ്പ് കെ സ്മാർട്ടിൽ ലഭ്യമല്ല. ആയതിനാൽ കെ-സ്മാർട്ടിൽ ബാങ്ക് അക്കൗണ്ടുകളുടെ റീ കൺസിലേഷൻ നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

. ഓൺലൈനായി ചെയ്യപ്പെടുന്ന പേമെന്റുകളുടെ തുക IKM Payment Gateway വഴി SBI - Epayment A/C No. 34520272787 ലാണ് ക്രെഡിറ്റ് ആവുന്നത്. ടി പേമെന്റുകളുടെ വരവിന്റെ കൃത്യത പരിശോധനയ്ക്ക് വിധേയമാക്കിയതിൽ ഏപ്രിൽ മാസത്തിൽ ഓൺലൈൻ പേമെന്റ് ആയി ഡേ ബുക്കിൽ വരവ് കാണിച്ചിരിക്കുന്ന തുകകൾ തൻമാസത്തിൽ പ്രസ്തുത ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടില്ല.

ഉദാ:

തീയതി	ഓൺലൈൻ പേമെന്റ് വഴി ഡേ ബുക്കിൽ വരവായി രേഖപ്പെടുത്തിയിട്ടുള്ള തുക
15/04/2025	₹1038
16/04/25	₹634
19/04/25	₹2251
21/04/25	₹895
22/04/2025	₹832
23/04/2025	₹3689
24/04/2025	₹11440
25/04/2025	₹1367
26/04/2025	₹379
28/04/2025	₹1134
29/04/2025	₹5176
30/04/2025	₹10432
ആകെ	₹39267

ഇ-പേമെന്റ് ആയി വന്നിട്ടുള്ള തുകകൾ ഐ.കെ.എം-ന്റെ Pooled Account ലേക്ക് ട്രാൻസ്ഫർ ആയതിനു ശേഷം ഐ.കെ.എം ടി തുകകൾ പഞ്ചായത്തിന്റെ ഇ-പേമെന്റ് അക്കൌണ്ടിലേക്ക് അയക്കുമെന്നും ആയതിൽ കെ-സ്മാർട്ടിൽ Account Mapping സംവിധാനം ഏർപ്പെടുത്താൻ കാലതാമസം വന്നതിനാൽ ടി തുകകൾ ജൂൺ മാസത്തിലാണ് SBI - Epayment അക്കൌണ്ടിൽ ക്രെഡിറ്റ് ആയതെന്നും മറുപടി നൽകിയിട്ടുണ്ട്. റീ കൺസിലേഷൻ മൊഡ്യൂൾ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ “Cheque Issued But Not Presented In To Bank, Cheque Deposited But Not Credited, Directly Credited To Bank, Directly Debited By Bank” എന്നിവയിൽ ക്രമീകരിക്കാതെ അവശേഷിക്കുന്ന തുകയുടെ ആധികാരികത ഓഡിറ്റിൽ

ഉറപ്പാക്കാൻ സാധിക്കുന്നില്ല. പ്രസ്തുത അപാകങ്ങൾ ഐ.കെ.എം-ന്റെ ശ്രദ്ധയിൽപ്പെടുത്തി അടിയന്തിരമായി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-16 വിനിയോഗിക്കാത്ത ഗ്രാന്റ് തുകകൾ തിരിച്ചടക്കേണ്ടതാണ്

ബാലൻസ് ഷീറ്റ് B-9 -Other Liabilities ഷെഡ്യൂൾ -350400999- എന്ന ഹെഡിൽ Refund Of Unutilised Grants പ്രകാരം ₹2173226 രേഖപ്പെടുത്തിയിട്ടുണ്ട്.

തുക കനറാ ബാങ്ക്-155 അക്കൗണ്ടിലേക്ക് തിരിച്ചു വന്നതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

ക്രമനം.	വൗച്ചർ നം./ തിയതി	തുക ₹	റിമാർക്സ്
1	117010100057/15.4.2017	80000	House Constuction Of 2015-16
2	41700242/17.2.2018	9626	പലിശ
3	120010900016/1.6.2020	2000000	എംസിഎഫ് സ്ഥാപിക്കൽ (പ്രൊ.നം.175, 2020-21)
4	12010100385/5.7.2021	40000	Life Mission Grant First Instalment Refunded Amount

5	121010101072/7.10.2021	43600	Life Mission Amount
	ആകെ	2173226	

തുകകൾ സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻകുയറി നം. 3/21.6.2025ന് തുകകൾ അടവാക്കി വിവരം അറിയിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. വിനിയോഗിക്കാത്ത ഗ്രാന്റ് തുകകൾ ബന്ധപ്പെട്ട ശീർഷകങ്ങളിൽ തിരികെ ഒടുക്കി രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

1-17 ഡെപ്പോസിറ്റ് പ്രവൃത്തികൾ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

2024-25 വർഷം സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കുന്നതിന് വേണ്ടിയും ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനുമായി പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി. യുടെ എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തികൾക്കായി താഴെ പറയുന്ന തുക കെ.എസ്.ഇ.ബി, മലമ്പുഴ ഇലക്ട്രിക്കൽ സെക്ഷന്റെ അക്കൗണ്ടിലേക്ക് (A/C No. 0743201000242) തൻവർഷം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം	പ്രോജക്ട്	അടങ്കൽ	ചെലവ്	ബിൽ നം
1	നം.62/25, സ്ട്രീറ്റ് മെയിൻ വലിക്കൽ പോസ്റ്റ് സ്ഥാപിക്കൽ വാർഡ് 13	34800 (സി.എഫ്.സി)	34103	XVFC/2024-25/P/93/12-03-25 – 31320 XVFC/2024-25/P/104/15-03-25 - 2783

2	നം.37/25, സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ	468676 (സി.എഫ്.സി)	468494	XVFC/2024-25/P/91/12-03-25 - 468494
3	നം.59/25, സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ വാർഡ് 12	100000 (സി.എഫ്.സി)	99527	XVFC/2024-25/P/94/12-03-25
4	നം.57/25, പാണപ്പറമ്പ് തലയക്കുളം പ്രദേശത്ത് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ വാർഡ് 9	34800 (സി.എഫ്.സി)	34769	XVFC/2024-25/P/92/12-03-25 – 31320 XVFC/2024-25/P/103/12-03-25- 3449

മേൽ സൂചിപ്പിച്ച പ്രവൃത്തികൾ പൂർത്തികരിച്ചതിന്റെയും വിനിയോഗ സാക്ഷ്യപത്രം ലഭ്യമായതിന്റെയും വിവരം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നമ്പർ 14/26-06-25) വിവിധ പ്രവൃത്തികൾക്കായി അടവാക്കിയ തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം അനുവദിച്ചു നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് 10-06-25 ന് എസ്.സി1-200/25 നമ്പർ പ്രകാരം കെ.എസ്.ഇ.ബി, മലമ്പുഴ ഇലക്ട്രിക്കൽ സെക്ഷന് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

1-18 വാട്ടർ എ.ടി.എം- പ്രവർത്തനവും തുടർപരിപാലനവും ഉറപ്പുവരുത്തേണ്ടതാണ്

1. പ്രോജക്ട് - നം.52/25, വാട്ടർ എ.ടി.എം

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 600000 (സി.എഫ്.സി ടൈഡ് ഗ്രാന്റ്)

ചെലവ് - 496222

ബിൽ നം. - XVFC/2024-25/P/114/18-03-25

ഗ്രാമപഞ്ചായത്തിലെ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിനായി ആവിഷ്കരിച്ച മേൽ പ്രോജക്ട് പ്രകാരം വാട്ടർ എ.ടി.എം മെഷീൻ സ്ഥാപിച്ച് തുക മെഷീനിൽ നിക്ഷേപിക്കുന്ന മുറയ്ക്ക് ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിനാണ് ലക്ഷ്യമിട്ടത്. ജെം മുഖേന വാട്ടർ വേൾഡ് , വെസ്റ്റ് ഫോർട്ട്, തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം. WW203/28-02-2025 പ്രകാരം 500 LPH കപ്പാസിറ്റിയുള്ള വാട്ടർ എ.ടി.എം വാങ്ങുകയും ഗ്രാമപഞ്ചായത്ത് ഓഫീസിന് മുൻവശത്തായി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. വാട്ടർ എ.ടി.എം പ്രവർത്തനം, തുടർപരിപാലനം എന്നിവ സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് അന്വേഷണം നൽകിയതിന് (നമ്പർ 12/25-06-25)വാട്ടർ എ.ടി.എം ന്റെ പരിപാലനവുമായി ബന്ധപ്പെട്ട് വാട്ടർ വേൾഡ് എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടെന്നും വാട്ടർ എ.ടി.എം ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. വാട്ടർ എ.ടി.എം ലെ കളക്ഷൻ തുക 1448 രൂപ 26-06-25 ന് രസീത് നമ്പർ R-G091302-25000766 പ്രകാരം തനത് ഫണ്ടിൽ അടവാക്കിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

2. 05-02-2025 ലെ 9(4) നമ്പർ ഭരണസമിതി തീരുമാനത്തിൽ ഗ്രാമപഞ്ചായത്തിലെ എഫ്.എച്ച്.സി യ്ക്ക് സമീപം ബ്ലോക്ക് പഞ്ചായത്തിന്റെ 2023-24 വാർഷിക പദ്ധതിയിൽ

ഉൾപ്പെടുത്തി സ്ഥാപിച്ച വാട്ടർ എ.ടി.എം 07-01-25 ലെ BDO/MPZA/567/2023-C നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുള്ളതായും പ്രസ്തുത എ.ടി.എം സ്ഥാപിച്ച TRAIAC AUTOMATION, ചങ്ങരംകുളം എന്ന കമ്പനിയുമായി എ.എം.സി യിൽ ഏർപ്പെടുന്നതിന് തീരുമാനിച്ചതായും രേഖപ്പെടുത്തിയിട്ടുണ്ട്. ഈ വിഷയത്തിൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരം, വാട്ടർ എ.ടി.എം ലെ കളക്ഷൻ തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് അടവാക്കിയതിന്റെ വിവരം എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നമ്പർ 12/25-06-25 പ്രകാരം ഓഡിറ്റ് അന്വേഷണം നൽകിയതിന് വാട്ടർ എ.ടി.എം സ്ഥാപിച്ചതുമായി ബന്ധപ്പെട്ട മലമ്പുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 07-01-25 ലെ കത്തിൽ വാട്ടർ എ.ടി.എം ന് ഒരു വർഷത്തെ വാറണ്ടി ഉള്ളതായി അറിയിച്ചിട്ടുണ്ടെന്നും വാറണ്ടി കാലാവധിക്ക് ശേഷം വാർഷിക അറ്റകുറ്റപ്പണികൾക്കായി കരാറിൽ ഏർപ്പെടുന്നതാണെന്നും മറുപടി ലഭ്യമാക്കി. വാട്ടർ എ.ടി.എം ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

വാട്ടർ എ.ടി.എമ്മുകളുടെ പ്രവർത്തനവും പരിപാലനവും ഉറപ്പുവരുത്തേണ്ടതും കളക്ഷൻ തുക നിശ്ചിത ഇടവേളകളിൽ തനത് ഫണ്ടിലേക്ക് അടവാക്കേണ്ടതുമാണ്. ഈ വിഷയത്തിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-19 തനത് ഫണ്ടിൽ നിന്ന് നൽകിയ മുൻകൂറുകൾ ക്രമീകരിക്കേണ്ടതാണ്

അഡ്വാൻസ് രജിസ്റ്റർ പ്രകാരം തനതുഫണ്ടിൽ നിന്നും മുൻകൂറായി നൽകിയ താഴെ പറയുന്ന തുകകൾ ക്രമീകരിക്കുവാൻ ശേഷിക്കുന്നുണ്ട്.

ഇനം	31.03.25-ൽ ക്രമീകരിക്കുവാൻ ശേഷിക്കുന്ന തുക
Advance To MGNREGS-അഡ്മിനിസ്ട്രേറ്റീവ്	1885836

എക്സ്പെൻസ്	
Advance To Others (സാക്ഷരതാ പ്രേരക് ഓണറേറിയം)	44928
Advance To Implementing Officers	430335

തുക ക്രമീകരിക്കാത്തതിന്റെ കാരണം, തുക ക്രമീകരിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരം എന്നിവ അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13/25-06-25) താഴെ പറയും പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

1. എം.ജി.എൻ.ആർ.ഇ.ജി.എസ് അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ് ഇനത്തിൽ മുൻകൂർ നൽകിയ തുക തിരികെ റീകൂപ്പ് ചെയ്ത് ലഭിക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലേക്ക് റിപ്പോർട്ട് നൽകാറുണ്ടെന്നും ബ്ലോക്ക് ഓഫീസുകളിൽ അഡമിൻ എഫ്.ടി.ഒ വരുന്ന മുറയ്ക്കാണ് ഗ്രാമപഞ്ചായത്തിലേക്ക് തുക റീകൂപ്പ് ചെയ്ത് നൽകുന്നതെന്നും അറിയിച്ചിട്ടുണ്ട്.

2. സാക്ഷരതാ പ്രേരകിന്റെ ഓണറേറിയം തുകയായി ലഭിക്കാനുള്ള 44928 രൂപ തിരികെ ലഭിക്കുന്നതിനായി കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി, തിരുവനന്തപുരം, ജില്ല സാക്ഷരതാ മിഷൻ, പാലക്കാട് എന്നിവിടങ്ങളിലേക്ക് കത്തുകൾ നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

3. മെഡിക്കൽ ഓഫീസർ പി.എച്ച്.സി, അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കണ്ടിജന്റ് ചെലവുകൾക്കായി നൽകിയ തുകയും മഴക്കാല പൂർവ്വ ശുചീകരണത്തിനായി മുൻകൂർ നൽകിയ തുകകളും ആണ് Advance To Implementing Officers എന്ന ഹെഡിൽ ഉൾപ്പെട്ടിട്ടുള്ളത്. കണ്ടിജന്റ് ചെലവുകൾക്കായി അനുവദിച്ച തുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥർക്കും മഴക്കാല പൂർവ്വ ശുചീകരണത്തിനായി 2023-24, 2024-25 വർഷങ്ങളിൽ ചെലവഴിച്ച 260000

രൂപ തിരികെ ലഭിക്കുന്നതിനായി ശുചിത്വ മിഷനും കത്ത് നൽകിയിട്ടുണ്ടെന്നും ലഭ്യമാകുന്ന മുറയ്ക്ക് തുകകൾ ക്രമീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

മുൻകൂർ തുകകൾ ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-20 മെൻസ്ട്രുവൽ കപ്പുകൾ വാങ്ങിയത് വിതരണം ചെയ്തിട്ടില്ല

പ്രോജക്ട്	146/25 മെൻസ്ട്രുവൽ കപ്പ് വിതരണം
നിർവഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ FHC
അടങ്കൽ	₹100000 വികസനഫണ്ട് ജനറൽ
ചെലവ്	₹99600 വികസനഫണ്ട് ജനറൽ
ട്രഷറി ബിൽ	27/21.3.25 – ₹ 49800 28/21.3.25 – ₹ 49800

2024-25 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി മെൻസ്ട്രുവൽ കപ്പുകൾ വാങ്ങിയിട്ടുണ്ട്.

GeM- വഴി മെഡ്വൺ സർജിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നാണ് ആകെ 332

മെൻസ്ട്രുവൽ കപ്പുകൾ വാങ്ങിയിട്ടുള്ളത്. ഇൻവോയിസ് വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം	ഇൻവോയിസ്	വില
1	R24/09165 Dt.12.2.25 166 എണ്ണം.	49800
2	R24/09326 Dt.20.2.25 166 എണ്ണം.	49800

വാങ്ങിയ മെൻസ്ട്രുവൽ കപ്പുകൾ സ്റ്റോക്കിലെടുത്ത് ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.21/28.6.2025) നിർവഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. വാങ്ങിയ മെൻസ്ട്രുവൽ കപ്പുകൾ സ്റ്റോക്കിലെടുത്ത് ഗുണഭോക്താക്കൾക്ക് വിതരണം നടത്തി വിതരണ രേഖകൾ ഹാജരാക്കേണ്ടതാണ്. അതുവരെ ചെലവു തുക ₹99600 തടസ്സത്തിൽ വയ്ക്കുന്നു.

1-21 ഫിറ്റ്നസ് ഇല്ലാതെ അംഗനവാടി പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്തിലെ ആകെ 20 അങ്കണവാടികളിലെ വെള്ളെഴുത്തുംപൊറ്റ (സെന്റർ നം.86) എന്ന അംഗനവാടി കെട്ടിടത്തിന് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഓഡിറ്റ് സമയംവരെയും ലഭ്യമായിട്ടില്ല. എന്നാൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാകാതെ തന്നെ അങ്കണവാടി പ്രവർത്തിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനെ തുടർന്ന് (നം.15/26.6.25) അസിസ്റ്റന്റ് എഞ്ചിനീയറുടെ 27.6.25 തിയതിയിലെ 11/2025 നമ്പറായി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കി നിർവഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. എന്നാൽ നാളിതു വരെ ഫിറ്റ്നസ് ലഭ്യമാകാതെയാണ് അങ്കണവാടി പ്രവർത്തിച്ചിട്ടുള്ളത്. മേൽ സാഹചര്യം ഒഴിവാക്കേണ്ടതും ഫിറ്റ്നസ് ലഭ്യമായ കെട്ടിടങ്ങളിൽ മാത്രമേ അങ്കണവാടികൾ പ്രവർത്തിക്കുന്നുള്ളൂ എന്ന് ഉറപ്പാക്കേണ്ടതുമാണ്.

1-22 പുഷ്പ കൃഷി വികസനം പ്രോജക്ട്- അധിക നിരക്കിൽ സബ്സിഡി അനുവദിച്ചു

പ്രോജക്ട്	137/25 പുഷ്പകൃഷിവികസനം
നിർവഹണോദ്യോഗസ്ഥൻ	കൃഷി ഓഫീസർ
അടങ്കൽ	₹150000 (വികസനഫണ്ട് ജനറൽ)
ചെലവ്	₹150000 (വികസനഫണ്ട് ജനറൽ)
ബിൽ നം.	23/23.12.24 -150000

പുഷ്പകൃഷി പ്രോത്സാഹനം ലക്ഷ്യമിട്ട് ഗ്രാമപഞ്ചായത്തിലെ വനിത ഗ്രൂപ്പ്/വനിത വ്യക്തിഗത കർഷകർക്ക് സബ്സിഡി/ധനസഹായം നൽകുന്നതിനാണ് പ്രോജക്ട് ആവിഷ്ക്കരിച്ചത്. 17 പേരുടെ ഗുണഭോക്തൃലിസ്റ്റ് ഭരണസമിതിയുടെ 23.08.2024ലെ 5(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾ അപേക്ഷ, അനുബന്ധ വൗച്ചറുകൾ എന്നിവ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ ആയത് കൃഷി ഓഫീസർ അംഗീകരിച്ച് 15 വനിതകൾക്ക് 10 സെന്റിൽ (1 യൂണിറ്റ്) പൂഷ്പ കൃഷി ചെയ്തതിന് 7500 രൂപ വീതവും , വിജയകുമാരി പ്ലായംപള്ളം എന്ന വനിത കർഷകന് 20 സെന്റിൽ (2 യൂണിറ്റ്) പൂഷ്പ കൃഷി ചെയ്തതിന് 15000 രൂപയും കോമളം വി പൂവ്വത്തിങ്കൽ എന്ന വനിത കർഷകന് 30 സെന്റിൽ (3 യൂണിറ്റ്) പുഷ്പ കൃഷി ചെയ്തതിന് 22500 രൂപയും അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. കർഷകരെല്ലാം തന്നെ ചെണ്ടുമല്ലി കൃഷിയാണ് ചെയ്തിട്ടുള്ളത്.

ആകെ ചെലവ് - 15x7500 + 1x15000 +1x22500 =₹150000

28.5.2022 ലെ സർക്കാർ ഉത്തരവ് (കൈ)115/2022 /LSGD പ്രകാരമുള്ള പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.1.31 പ്രകാരം പുഷ്പകൃഷി -ലൂസ് പൂക്കൾ - ന് ധനസഹായം അനുവദിക്കാവുന്നത് ഹെക്ടറിന് 16000 രൂപ എന്ന നിരക്കിലാണ്. ആയതനുസരിച്ച് 10 സെന്റ്(1 യൂണിറ്റ്) പുഷ്പ കൃഷിക്ക് അനുവദിക്കാവുന്ന സബ്സിഡി 648 രൂപ മാത്രമാണ്.20 സെന്റ് (2 യൂണിറ്റ്) കൃഷിക്ക് 1296 രൂപയും 30 സെന്റ് (3 യൂണിറ്റ്) കൃഷിക്ക് 1944 രൂപയും മാത്രമാണ് അനുവദിക്കാവുന്നത്. എന്നാൽ പ്രോജക്ട് പ്രകാരം കർഷകർക്ക് അനുവദിച്ച, അനുവദിക്കാവുന്ന സബ്സിഡി വിശദാംശം ചുവടെചേർക്കുന്നു.

അനുവദിച്ച സബ്സിഡി			**അനുവദിക്കാവുന്ന സബ്സിഡി**		
കൃഷി ചെയ്ത വിസ്തീർണ്ണം	**ഗുണഭോക്താക്കൾ, തുക**	**ആകെ**	**കൃഷി ചെയ്ത വിസ്തീർണ്ണം**	**ഗുണഭോക്താക്കൾ, തുക**	**ആകെ**
10 സെന്റ്(1 യൂണിറ്റ്) കൃഷി	15 പേർക്ക് 7500 വീതം	112500 രൂപ	10 സെന്റ് (1 യൂണിറ്റ്) കൃഷി	15 പേർക്ക് 648 വീതം	9720 രൂപ
20 സെന്റ്(2 യൂണിറ്റ്) കൃഷി	1 ആൾക്ക് 15000	15000 രൂപ	20 സെന്റ് (2 യൂണിറ്റ്) കൃഷി	1 ആൾക്ക് 1296	1296 രൂപ
30 സെന്റ്(3യൂണിറ്റ്) കൃഷി	1 ആൾക്ക് 22500	22500 രൂപ	30 സെന്റ് (3യൂണിറ്റ്) കൃഷി	1 ആൾക്ക് 1944	1944 രൂപ
ആകെ അനുവദിച്ചത്		150000 രൂപ	ആകെ അനുവദിക്കാവുന്നത്		12960 രൂപ

മേൽപ്രകാരം ആകെ 137040 രൂപ (150000-12960) ഗുണഭോക്താക്കൾക്ക് അധിക സബ്സിഡി അനുവദിച്ചിട്ടുണ്ട്.അധിക സബ്സിഡി അനുവദിച്ചത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നിർവഹണ ഉദ്യോഗസ്ഥന് ഓഡിറ്റ് വേളയിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/ 21.6.2025) വിത്തിന്റെ ഇനത്തിൽ മാനദണ്ഡങ്ങൾ പ്രകാരം 75% ആണ് സബ്സിഡി നൽകേണ്ടിയിരുന്നത് ഈ മാനദണ്ഡം ശ്രദ്ധിക്കാതെയും അറിവില്ലായ്മയും കൊണ്ട് അർഹതപ്പെട്ടതിനേക്കാളും കൂടുതൽ സബ്സിഡി അനുവദിച്ച് പോയിട്ടുണ്ട് ഇനി വരും പ്രോജക്ടുകളിൽ ഇത് ആവർത്തിക്കാതെയും കൂടുതൽ സൂക്ഷ്മതയോടും കൂടി ചെയ്യുമെന്നുമാണ് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുള്ളത്. സബ്സിഡി മാർഗരേഖയിൽ നിഷ്ക്കർഷിച്ചതിൽ നിന്നും അധികമായി അനുവദിച്ച സബ്സിഡി 137040 രൂപ ഓഡിറ്റ് നിരാകരിക്കുന്നു. ഗുണഭോക്താക്കൾക്ക് അധികം അനുവദിച്ച തുക ഗുണഭോക്താക്കളിൽ നിന്നും ഈടാക്കി വികസന ഫണ്ടിൽ തിരികെ അടവാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കേണ്ടതാണ്.
(ഖണ്ഡിക 3-1 ൽ ചേർത്തിട്ടുണ്ട്)

1-23 വെറ്റിനറി സർജൻ നിർവഹണം നടത്തിയ പ്രോജക്ടുകൾ-അപാകതകൾ

2024-25 സാമ്പത്തിക വർഷത്തിൽ വെറ്റിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായി മൃഗസംരക്ഷണം, പാൽ ഉൽപാദനം എന്നിവയുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

ക്രമ നം.	പ്രോജക്ട്	അടങ്കൽ	ചെലവ്	വിശദാംശങ്ങൾ
1	158/25 സ്റ്റിൽ ഓവർ ആട് വളർത്തൽ-എസ് സി വനിത	₹280000	₹44000 (വികസനഫണ്ട് എസ് സി പി-36000 ഗുണഭോക്തൃവിഹിതം -8000)	3 ഗുണഭോക്താക്കൾ. 8000 രൂപയുള്ള 2 ആടുകൾ വീതമുള്ള യൂണിറ്റ് (12000₹ സബ്സിഡി-

				4000₹ ഗുണഭോക്തൃവിഹിതം)
2	163/25 പശുവളർത്തൽ-എസ് ടി	₹654086	₹150000 വികസനഫണ്ട് ടി എസ് പി	3 ഗുണഭോക്താക്കൾ. 50000 രൂപയുള്ള പശു 100 ശതമാനം സബ്സിഡി
3	40/25 ആട് വളർത്തൽ-എസ് സി വനിത	₹400000	₹96000 (വികസനഫണ്ട് എസ് സി പി-72000 ഗുണഭോക്തൃവിഹിതം -24000)	6 ഗുണഭോക്താക്കൾ. 8000 രൂപയുള്ള 2 ആടുകൾ വീതമുള്ള യൂണിറ്റ് (12000₹ സബ്സിഡി-4000₹ ഗുണഭോക്തൃവിഹിതം)
4	45/25 ഗർഭിണി കിടാരി ജനറൽ	₹1200000	₹960000 (വികസനഫണ്ട് 480000 ഗുണഭോക്തൃവിഹിതം -480000)	24 ഗുണഭോക്താക്കൾ. 40000 രൂപയുള്ള ഗർഭിണി കിടാരി 50 ശതമാനം സബ്സിഡി
5	76/25 ആട് വളർത്തൽ-ജനറൽ	₹480000	₹144000 (വികസനഫണ്ട് 72000 ഗുണഭോക്തൃവിഹിതം -72000)	9 ഗുണഭോക്താക്കൾ. 8000 രൂപയുള്ള 2 ആടുകൾ വീതമുള്ള യൂണിറ്റ് (8000₹ സബ്സിഡി- 8000₹ ഗുണഭോക്തൃവിഹിതം)

പ്രോജക്ട് നടത്തിപ്പ് സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1. 28.5.2022 ലെ സർക്കാർ ഉത്തരവ് (കൈ)115/2022/LSGD സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.3.33 നിർദ്ദേശപ്രകാരം ഇത്തരത്തിലുള്ള വാങ്ങൽ പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ അധ്യക്ഷനായും നിർവഹണ ഉദ്യോഗസ്ഥൻ കൺവീനറായും ഗുണഭോക്താക്കളിൽ അഞ്ചു പേരെ കൂടി ഉൾപ്പെടുത്തിക്കൊണ്ടും ഒരു പർച്ചേസിംഗ്/പ്രോക്യുർമെന്റ് കമ്മിറ്റി രൂപീകരിക്കണം

എന്നും പ്രസ്തുത കമ്മിറ്റിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ആയിരിക്കണം വാങ്ങൽ എന്നും, ഗുണഭോക്താക്കൾ നേരിട്ട് വാങ്ങരുത് എന്നും പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്. മേൽ ചേർത്ത പ്രോജക്ടുകളിൽ മൃഗങ്ങളെ വാങ്ങുമ്പോൾ പ്രോക്യുർമെന്റ് കമ്മിറ്റിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് വാങ്ങിയത് എന്ന് തെളിയിക്കുന്ന രേഖകൾ, കമ്മിറ്റിയുടെ യോഗമിനിറ്റ്സ്, തീരുമാനം, വാങ്ങൽ അംഗീകാരം തുടങ്ങിയവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

2. പ്രോജക്ടുകളുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ പരിശോധിച്ചതിൽ മിക്ക ഗുണഭോക്താക്കളും പശു, ആട് എന്നിവ വാങ്ങിയിട്ടുള്ളത് പരിസരത്തുള്ള ആളുകളിൽ നിന്ന്/അയൽവാസികളിൽ നിന്ന് തന്നെയാണ് എന്നാണ് കാണുന്നത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രോജക്ട്	ഗുണഭോക്താവിന്റെ വീലാസം	വിറ്റ ആളുടെ വിലാസം
1	158/25 സ്റ്റിൽ ഓവർ ആട് വളർത്തൽ-എസ് സി വനിത	1. തങ്ക പി, പുഴക്കൽ ഹൗസ്, വാരണി, കടുക്കാംകുന്നം 2. ദേവി, കുനുപ്പുള്ളി, കൊട്ടേക്കാട് 3.തങ്കമണി, കുനുപ്പുള്ളി, കൊട്ടേക്കാട്	1.വിനു ബി,പുഴക്കൽ ഹൗസ്,വാരണി,കടുക്കാംകുന്നം 2. മണികണ്ഠൻ, കുനുപ്പുള്ളി ,കൊട്ടേക്കാട് 2. സുരേഷ്കുമാർ, കുനുപ്പുള്ളി ,കൊട്ടേക്കാട്
2	163/25 പശുവളർത്തൽ-എസ് ടി	1.രാധിക,ചേമ്പന,മലമ്പുഴ 2.രാധ,ചേമ്പന,മലമ്പുഴ	1.ആതിര,ചേമ്പനക്കോളനി,മലമ്പുഴ 2.ഷൈലജ, ചേമ്പന,മലമ്പുഴ
3	40/25 ആട് വളർത്തൽ-എസ് സി വനിത	1.സരോജിനി എ, ആറങ്ങോട്ടകുളമ്പ് 2.രതിക, ആറങ്ങോട്ടകുളമ്പ് 3.തങ്ക പി, പുഴക്കൽ ഹൗസ്, വാരണി,	1. ശ്രീവിദ്യ കെ സി, ആറങ്ങോട്ടകുളമ്പ് 2.ഉണ്ണികൃഷ്ണൻ ആറങ്ങോട്ടകുളമ്പ് 3.സുധീഷ്, പുഴക്കൽ ഹൗസ്, വാരണി, കടുക്കാംകുന്നം

		കടുക്കാംകുന്നം	

ഇത്തരത്തിൽ തൊട്ടടുത്തുള്ള ആളുകളിൽ നിന്നും പ്രോജക്ട് പ്രകാരം മൃഗങ്ങളെ വാങ്ങുന്നത് വിഭാവനം ചെയ്ത പ്രോജക്ട് ലക്ഷ്യങ്ങൾ, പ്രോജക്ട് കൊണ്ടുണ്ടാകുന്ന ദീർഘകാല നേട്ടങ്ങൾ എന്നിവക്ക് വിരുദ്ധമാണ്.

3. 2023-24 സാമ്പത്തിക വർഷത്തിലെ ആടുവളർത്തൽ എസ് സി വനിത പ്രോജക്ട് സ്പിൽലോവറാക്കി 2024-25 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയിട്ടുണ്ട് (158/25 സ്പിൽ ഓവർ -ആട് വളർത്തൽ- എസ് സി വനിത). പ്രസ്തുത പ്രോജക്ടിലൂടെ 2023-24 സാമ്പത്തിക വർഷത്തിലെ ഗുണഭോക്തൃ ലിസ്റ്റിലെ ആട് വളർത്തൽ എസ് സി പ്രോജക്ടിനായി ക്രമനമ്പർ 22 ഗുണഭോക്താവായി ഉൾപ്പെട്ട ശ്രീമതി തങ്ക,പുഴക്കൽ വീട്, വാരണി, കടുക്കാംകുന്നം എന്ന ഗുണഭോക്താവിന് പ്രോജക്ട് പ്രകാരം രണ്ട് ആടുകളെ വാങ്ങിയതിന് സബ്സിഡി നൽകിയിട്ടുണ്ട് (ട്രഷറി ബിൽ നം.3/27.5.24). എന്നാൽ മേൽ വ്യക്തിയെ തന്നെ വീണ്ടും ഗുണഭോക്താവായി 2024-25 വർഷത്തെക്കുള്ള ഗുണഭോക്തൃ ലിസ്റ്റിൽ ക്രമനമ്പർ 18 ആയി ഉൾപ്പെടുത്തുകയും (18.1.25ലെ ഭരണ സമിതി തിരുമാനം നം. 1/1) 2024- 25 സാമ്പത്തിക വർഷത്തിലെ ആടുവളർത്തൽ എസ് സി വനിതാ പ്രോജക്ടിലൂടെ (പ്രോജക്ട് 40/25) പ്രസ്തുത വ്യക്തി/ ഗുണഭോക്താവിന് വീണ്ടും രണ്ട് ആടുകളെ വാങ്ങിയതിന് സബ്സിഡി നൽകുകയും ചെയ്തിരിക്കുന്നു (ട്രഷറി ബിൽ നം.49/27.3.25).

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് വേളയിൽ നിർവഹണ ഉദ്യോഗസ്ഥന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 7/23.6.2025) നിർവഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല.ഭാവിയിൽ പ്രോജക്ടുകൾ നിർവഹിക്കുമ്പോൾ മേൽചേർത്ത പ്രകാരമുള്ള അപാകതകൾ ഒഴിവാക്കിക്കൊണ്ട് പ്രവൃത്തികൾ നിർവഹിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-24 ഭവന പുനരുദ്ധാരണം ജനറൽ പ്രോജക്ട്

	പ്രോജക്ട്	88/25

	ഭവനപുനരുദ്ധാരണം-ജനറൽ
നിർവഹണോദ്യോഗസ്ഥൻ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
അടങ്കൽ	₹2000000 വികസനഫണ്ട് ജനറൽ
ചെലവ്	₹875000 വികസനഫണ്ട് ജനറൽ

പ്രോജക്ടിന്റെ ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ട്രഷറി ബിൽ നം.	തുക	ഗുണഭോക്താക്കൾ
72/26.3.25	275000	11
65/20.3.25	600000	24
ആകെ	875000	35

പ്രോജക്ടിലൂടെ ഭവന പുനരുദ്ധാരണത്തിനായി 35 ജനറൽ ഗുണഭോക്താക്കൾക്ക് ആദ്യഗഡു 25000 രൂപ വീതം നൽകുകയാണ് ചെയ്തിട്ടുള്ളത്.പ്രോജക്ട് പ്രകാരം ഭവനപുനരുദ്ധാരണത്തിനായി ആദ്യഗഡു ധനസഹായം നൽകിയ ചുവടെ കൊടുക്കുന്ന ഗുണഭോക്താക്കൾ നിർവഹിച്ച പ്രവൃത്തി വീടിനു മുകളിൽ ട്രസ് വർക്ക് സ്ഥാപിക്കുക എന്നതാണെന്ന് ഫയലിൽ സൂക്ഷിച്ച എസ്റ്റിമേറ്റ് , ഫോട്ടോ, മറ്റ് രേഖകൾ എന്നിവയിൽ നിന്നും വ്യക്തമായി.

ക്രമ നം.	ഗുണഭോക്താക്കൾ	അനുവദിച്ച തുക

1	ഉണ്ണികൃഷ്ണൻ	25000
2	ലില്ലിക്കുട്ടി	25000
3	വിജയ	25000
4	വസന്ത	25000
5	രുഗ്മിണി	25000

ഭവന പുനരുദ്ധാരണം പ്രവൃത്തിയിലൂടെ വീടിനു മുകളിൽ ട്രെസ്സ് വർക്ക് ചെയ്തതിന് ഗുണഭോക്താക്കൾക്ക് തുക അനുവദിച്ചത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് വേളയിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17/26.6.2025) നിർവഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിക്കേണ്ടതും വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്. അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമാകുന്നത് വരെ 5 ഗുണഭോക്താക്കൾ ആകെ അനുവദിച്ച 125000 രൂപ ഓഡിറ്റ് തടസ്സത്തിൽ വെക്കുന്നു. അപാകത പരിഹരിക്കേണ്ടതും വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

1-25-1 സ്ഥാപനമേധാവിയിൽ നിന്നുള്ള സാക്ഷ്യപത്രം ലഭ്യമല്ല

പ്രോജക്ട്- നം.72/25, പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മിസ്ട്രസ്സ്

അടങ്കൽ - ₹500000(വികസന ഫണ്ട് ജനറൽ)

ചെലവ് - ₹431464

ട്രഷറി ബിൽ നമ്പർ- 9/07-03-25

മേൽ പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ 11 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് നൽകിയിട്ടുണ്ട്. GeM പോർട്ടൽ മുഖേന ഐഡിയൽ കംപ്യൂട്ടിംഗ്, കണ്ണാടി, പാലക്കാട് (GSTIN- 32AOMPC2657K1ZX) എന്ന സ്ഥാപനത്തിൽ നിന്നാണ് ലാപ്ടോപ്പുകൾ വാങ്ങിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ഇൻവോയ്സ് നം./ തീയതി	എണ്ണം	നിരക്ക് (18% GST ഉൾപ്പെടെ)	തുക
INV1802/28-02-25	11	39224	431464

സ.ഉ(കൈ) നം.115/2020/LSGD തി. 28-05-22 പ്രകാരമുള്ള പതിനാലാം പദ്ധതി സബ്സിഡി മാർഗ്ഗരേഖയിലെ ഖ.7.2.7 പ്രകാരം ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക്ക്(ഡിപ്ലോമ), എഞ്ചിനീയറിംഗ് അടക്കമുള്ള പ്രൊഫഷണൽ കോഴ്സ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം) ചാർട്ടേർഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾക്ക് സർക്കാർ/എയ്ഡഡ്/ സ്വാശ്രയ സ്ഥാപനങ്ങളിലോ സർവ്വകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ് നൽകാം. സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് ലാപ്ടോപ് നല്കേണ്ടത്. അപേക്ഷകൾ പരിശോധിച്ചതിൽ മനീഷ്.പി S/O പഴനിസ്വാമി എന്ന വിദ്യാർത്ഥിയുടെ അപേക്ഷയോടൊപ്പം കോഴിക്കോട് ഗവൺമെന്റ് ലോ കോളേജിൽ BBA L.L.B കോഴ്സ് പഠിക്കുന്നതായുള്ള ഐഡന്റിറ്റി കാർഡിന്റെ പകർപ്പ് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. സ്ഥാപനമേധാവിയിൽ നിന്നുള്ള സാക്ഷ്യപത്രം ലഭ്യമല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.32/28-06-25) മറുപടി ലഭ്യമായില്ല. സ്ഥാപന മേധാവിയിൽ നിന്നുള്ള സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. അതുവരെ മേൽ വിദ്യാർത്ഥിക്ക് നൽകിയ ഒരു ലാപ്ടോപ്പിന്റെ വില ₹39224 തടസ്സപ്പെടുത്തുന്നു.

1-25-2 ബില്ലിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തിയിട്ടില്ല

2017 ലെ സി.ജി.എസ്.ടി ആക്ട് /എസ്.ജി.എസ്.ടി ആക്ട് എന്നിവയിലെ വകുപ്പ് 51(1) പ്രകാരം കരാറിന്റെ ആകെ മൂല്യം 2.50 ലക്ഷത്തിന് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ കരാറുകാരുടെ ബില്ലുകളിൽ നിന്നും സ്രോതസ്സിൽ നിന്നും 1% തുക കുറവ് ചെയ്യുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. CGST,SGST

ഇനത്തിൽ 1% വീതം ആകെ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. ജി.എസ്.ടി ഒഴികെയുള്ള തുകയിൽ നിന്നാണ് 2% കുറവു ചെയ്യേണ്ടത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ 01-10-2018 മുതൽ സ്രോതസ്സിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തേണ്ടതാണെന്ന് കേന്ദ്ര ധനമന്ത്രാലയം 13-09-2018 ലെ വിജ്ഞാപനം നം. 50/2018- സെൻട്രൽ ടാക്സ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്.

എന്നാൽ മേൽ പ്രോജക്ട് പ്രകാരം 431464 ചെലവഴിച്ച് ലാപ്ടോപ്പുകൾ വാങ്ങിയപ്പോൾ ഇൻവോയ്സ് പ്രകാരം 18% GST ഉൾപ്പെടെ മുഴുവൻ തുകയും ഐഡിയൽ കംപ്യൂട്ടിംഗ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. നിയമാനുസൃതം 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവു ചെയ്തിട്ടില്ല. ആയതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.32/28-06-25) മറുപടി ലഭ്യമാക്കിയില്ല. ജി.എസ്.ടി. ഒഴികെ ഒരു ലാപ്ടോപ്പിന്റെ വില ₹33241.

2% ജിഎസ്ടി = 33241x2% =665.

11 ലാപ്ടോപ്പിന് ഈടാക്കേണ്ട ജിഎസ്ടി = 11x665=7315

ജിഎസ് ടി, ടിഡിഎസ് നടത്താത്തതു മൂലം ഉള്ള നഷ്ടം ₹7315 ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിൽ ഒടുക്കിയതിന്റ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവഹണ ഉദ്യോഗസ്ഥന്റെ ബാധ്യത ആയിരിക്കും. മറുപടി ലഭ്യമാക്കേണ്ടതും ജിഎസ്ടി ടിഡിഎസ് ഒടുക്കിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

കരാർ തുക 2.5 ലക്ഷം രൂപയിൽ അധികം വരുന്ന വാങ്ങലുകളിൽ ബില്ലിൽ നിന്നും നിയമാനുസൃതം 2% ജി.എസ്.ടി ടി.ഡി.എസ് നടത്തിയതിന് ശേഷം മാത്രം തുക അനുവദിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-25 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്- പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ

2024-25 സാമ്പത്തിക വർഷം ഹെഡ് മിസ്ട്രസ്സ് നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് എന്ന പ്രോജക്ടുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു.

1-26 എസ്.ടി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ- വാങ്ങൽ നടപടിക്രമങ്ങളിൽ അപാകം

പ്രോജക്ട്- നം.73/25, എസ്.ടി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ

അടങ്കൽ - ₹171200(വികസന ഫണ്ട് ടി.എസ്.പി)

ചെലവ് - ₹171174

ട്രഷറി ബിൽ നമ്പർ- 10/18-03-25

പട്ടികവർഗ്ഗ അഗതി കുടുംബങ്ങളിലെ വിദ്യാർത്ഥികൾ ഉൾപ്പെടെ പ്രീമെട്രിക് ഹോസ്റ്റലിൽ ചേർന്ന് പഠിക്കാൻ സൗകര്യം ലഭിക്കാത്ത എൽ.പി, യു.പി വിഭാഗത്തിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ആവശ്യമായ പഠനോപകരണങ്ങൾ വാങ്ങി നൽകുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിട്ടത്. ഗവൺമെന്റ് ഹൈസ്കൂൾ മലമ്പുഴ, ഗവ. ട്രൈബൽ വെൽഫെയർ ഹൈസ്കൂൾ ആനക്കൽ എന്നീ സ്കൂളുകളിലെ 94 വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകിയിട്ടുണ്ട്. കമ്മീഷൻ മുഖേനയാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. കമ്മീഷൻ നോട്ടീസ് നം.08/MPIM/2024-25 തി.07-02-25. മൂന്ന് സ്ഥാപനങ്ങൾ പങ്കെടുത്തതിൽ കുറഞ്ഞ നിരക്ക് കോട്ട് ചെയ്ത ക്ലാസ്സ്മേറ്റ്സ് സ്റ്റുഡന്റ് കോർണർ, പാലക്കാട് എന്ന സ്ഥാപനത്തിന്റെ കമ്മീഷൻ അംഗീകരിച്ചിട്ടുണ്ട്. ബിൽ നമ്പർ B3352/17-03-25 പ്രകാരം പഠനോപകരണങ്ങൾ വിതരണം ചെയ്ത വകയിൽ 171174 രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

പതിനാലാം പദ്ധതിയുടെ സബ്സിഡി മാർഗ്ഗരേഖയിലെ ഖ. 2.20 പ്രകാരം നേരിട്ട് വാങ്ങുന്നതിന് അനുമതിയില്ലാത്ത ഇനങ്ങളുടെ വാങ്ങലുകളിൽ G.O(P) No. 259/2020/LSGD തി.08-11-2010 പ്രകാരമുള്ള പ്രൊക്യുർമെന്റ് മാർഗ്ഗരേഖ ബാധകമായിരിക്കും എന്ന്

വ്യക്തമാക്കിയിട്ടുണ്ട്. പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരം മതിപ്പുവില 1 ലക്ഷം രൂപയിൽ കൂടുതലുള്ള വാങ്ങലുകളിൽ ഓപ്പൺ ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഓപ്പൺ ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിന് പകരം ക്വട്ടേഷൻ മുഖേന പഠനോപകരണങ്ങൾ വാങ്ങുവാനുണ്ടായ സാഹചര്യം വ്യക്തമാക്കുന്നതിനായി നൽകിയ 32/28-06-25 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല.

വാങ്ങലുകൾ നടത്തുമ്പോൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-27 എസ്.എസ്.എ വിഹിതം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

പ്രോജക്ട്- നം.51/25, എസ്.എസ്.എ വിഹിതം

അടങ്കൽ - ₹392000(വികസന ഫണ്ട് ജനറൽ)

ചെലവ് - ₹326000

ട്രഷറി ബിൽ നമ്പർ- 1/09-01-25

മേൽ പ്രോജക്ട് പ്രകാരം എസ്.എസ്.എ വിഹിതമായി 326000 രൂപ സമഗ്ര ശിക്ഷാ കേരളയുടെ അക്കൗണ്ട് നം.0812101071940 IFSC -CNRB0000812 ലേക്ക് നൽകിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.32/28-06-25) മറുപടി ലഭ്യമായില്ല.
എസ്.എസ്.കെ യിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

1-28 ആയുർവേദം- മെഡിക്കൽ ഓഫീസർ പദ്ധതികൾ നടപ്പാക്കാനവശേഷിക്കുന്നു.

1)

പ്രൊജക്ട് നം.	പ്രൊജക്ടിന്റെ പേര്	ഫണ്ട്/ അടങ്കൽ തുക
258/25	ആയുർവേദ ഡിസ്പെൻസറിയിലേക്ക് ഫർണിച്ചർ വാങ്ങൽ(സ്പിൽ ഓവർ)	തനത് ഫണ്ട് 50000
259/25	ആയുർവേദ ഡിസ്പെൻസറിയിൽ ഭൌതിക സൌകര്യം മെച്ചപ്പെടുത്തൽ(സ്പിൽ ഓവർ)	തനത് ഫണ്ട് 20000

മെഡിക്കൽ ഓഫീസർ, ആയുർവേദം നിർവ്വഹണ ഉദ്യോഗസ്ഥനായ, മേൽ പറയുന്ന പ്രൊജക്റ്റുകൾ നടപ്പിലാക്കിയിട്ടില്ല.

2) <u>മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല:</u>

പ്രൊജക്ട് നം.	പ്രൊജക്ടിന്റെ പേര്	ഫണ്ട്/ അടങ്കൽ തുക
94/25	ആയുർവേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ(സ്പിൽ ഓവർ)	മെയിന്റൻസ് ഫണ്ട് 500000

09.01.25 തീയതിയിൽ (Bill Reference No.24140152025901106417) 5,00,000 രൂപ ഔഷധിയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും താഴെ പറയുന്ന ഇൻവോയ്സുകൾ പ്രകാരം 463330 രൂപയുടെ

മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്.36670 രൂപയുടെ മരുന്നുകൾ ഇനിയും ലഭിക്കുവാനുണ്ട്.

ഇൻവോയ്സ് നം. / തീയതി	തുക
90369567 /02.02.2025	₹270322
90376175 /26.03.2025	₹95295
90380908/ 23.04.2025	₹134383

*23.04.2025 തീയതിയിലെ ഇൻവോയ്സ് തുക 134383 ആണെങ്കിലും 36670 രൂപയുടെ മരുന്നുകൾ കുറവുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.
മേൽ അപാകതകൾക്ക് മറുപടി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(20/27.06.2025) അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുന്നതിന് ഔഷധിയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.പ്രൊജക്റ്റുകൾ സ്പിൽ ഓവർ ആയിരുന്നിട്ടും നടപ്പാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെടുന്നു.മരുന്നുകൾ ലഭ്യമാക്കൽ പ്രൊജക്റ്റിൽ മുഴുവൻ മരുന്നുകളും ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-29 ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്നു വാങ്ങൽ പദ്ധതി- മുഴുവൻ മരുന്നും ലഭ്യമാക്കിയിട്ടില്ല.

മെഡിക്കൽ ഓഫീസർ ,ഹോമിയോ നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന പ്രൊജക്ട് നടപ്പാക്കിയിട്ടുണ്ട്.

പ്രൊജക്ട് നം.	പ്രൊജക്ടിന്റെ പേര്	ഫണ്ട്/ അടങ്കൽ തുക

3	ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ	വികസന ഫണ്ട്- പൊതു വിഭാഗം സാധരണ വിഹിതം 200000

31.12.24 തീയതിയിൽ (Bill Reference No.24140152026001079565) 2,00,000 രൂപ ഹോംകോ,ആലപ്പുഴയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും LF-335 Dt 4/6/2025 നം.ഇൻവോയ്സ് പ്രകാരം 58449 രൂപയ്ക്കുള്ള മരുന്നുകൾ ആണ് നാളിതു വരെയായി ലഭ്യമായിട്ടുള്ളത്. മേൽ അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(31/28.06.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.മുഴുവൻ മരുന്നും ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-30 സബ്സെന്ററുകളിലേക്ക് കംപ്യൂട്ടർ വാങ്ങൽ -വിതരണരേഖകൾ ഹാജരാക്കിയിട്ടില്ല

പ്രോജക്ട്	248/25 സബ്സെന്ററുകളിലേക്ക് കംപ്യൂട്ടർ വാങ്ങൽ
നിർവഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ FHC
അടങ്കൽ	₹95023
ചെലവ്	₹95000 ധനകാര്യകമ്മിഷൻ ഗ്രാന്റ്

വൗച്ചർ നം.	22401159 തി.1.3.25

2024-25 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരം സബ്സെന്ററുകളിലേക്ക് നൽകുന്നതിന് GeM- വഴി ഐഡിയൽ കംപ്യൂട്ടിംഗ് എന്ന സ്ഥാപനത്തിൽ നിന്ന് 2ലാപ്ടോപ്പുകൾ വാങ്ങിയിട്ടുണ്ട്.

ഇൻ വോയിസ് നം.1723/12.2.2025

വാങ്ങിയ ലാപ്ടോപ്പുകൾ സ്റ്റോക്കിലെടുത്ത് സബ്സെന്ററുകളിലേക്ക് നൽകിയതിന്റെ സ്റ്റോക്ക്- വിതരണ രേഖകൾ / രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് വേളയിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.27/28. 6.2025) നിർവഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ലാപ്ടോപ്പുകൾ സ്റ്റോക്കിലെടുത്ത് സബ്സെന്ററുകളിലേക്ക് നൽകിയതിന്റെ സ്റ്റോക്ക്- വിതരണ രേഖകൾ ഹാജരാക്കേണ്ടതാണ്.

1-31-1 ആനക്കൽ ഹെൽത്ത് സബ് സെന്റർ കെട്ടിട നിർമ്മാണം - നാളിതുവരെ പൂർത്തീകരിച്ചില്ല

2-ാം വാർഡ് ആനക്കല്ലിൽ 167.74m2 വിസ്തീർണ്ണത്തിൽ ക്ലിനിക്, ഇമ്മ്യൂണൈസേഷൻ റൂം, 2 ടോയ്ലറ്റ്, ഫീഡിംഗ് റൂം, സ്റ്റോർ റൂം, ലിവിംഗ് റൂം, ബെഡ് റൂം, വർക്ക് ഏരിയ എന്നിവ ഉൾപ്പെടുന്ന RCC മേൽക്കൂരയോടു കൂടിയ രണ്ടു നില കെട്ടിടം നിർമ്മിക്കുന്നതിനാണ് പ്രോജക്ട് പ്രകാരം വിഭാവനം ചെയ്തിരിക്കുന്നത്. മേൽ പദ്ധതിക്കു വേണ്ടി താഴെ പറയുന്ന പ്രോജക്ട് ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പ്രോജക്ട് നം.318/25-ആനക്കൽ ഹെൽത്ത് സബ് സെന്റർ കെട്ടിട നിർമ്മാണം

അടങ്കൽ - ₹5550000/- ഹെൽത്ത് ഗ്രാന്റ്

ചെലവ് - ₹999638/- (വൗച്ചർ നം.22401364/26.3.2025 -₹944571)

(വൗച്ചർ നം.22401369/26.3.2025 -₹8472)

(വൗച്ചർ നം.22401370/26.3.2025 -₹8472)

(വൗച്ചർ നം.22401371/26.3.2025 -₹8472)

(വൗച്ചർ നം.22401372/26.3.2025 -₹8472)

Retention Amount-₹21179

എഗ്രിമെന്റ് നം. 48/20.2.2024

കരാറുകാരൻ -ശ്രീ.ഹംസ.കെ.കെ.

എം.ബുക്ക് നം. - 108765/2023

നിർവ്വഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് എഞ്ചിനീയർ

ആനക്കൽ ഹെൽത്ത് സബ് സെന്ററർ കെട്ടിട നിർമ്മാണം എന്ന പ്രവൃത്തിയിൽ 20.2.2024ന് എഗ്രിമെന്റ് വെച്ച് കരാറുകാരന് 27.2.2024ന് സൈറ്റ് കൈമാറിയിട്ടുള്ളതാണ്. പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ടി.എസ്. പ്രകാരം 9 മാസമാണ്. മേൽ പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. എസ്റ്റിമേറ്റിൽ ഇലക്ട്രിഫിക്കേഷന് ₹350000 വകയിരുത്തിയിട്ടുണ്ട്. നം.01/2025-26/AE/LID &EW/MPZA തിയതി, 11.4.2025 കത്ത് പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ ജില്ലാ പഞ്ചായത്ത് ഇലക്ട്രിക്കൽ സെക്ഷൻ എക്സിക്യുട്ടീവ് എഞ്ചിനീയർക്കയച്ച കത്തിൽ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തിക്ക് ആവശ്യമായ എസ്റ്റിമേറ്റ് അടിയന്തിരമായി എടുത്തു നൽകുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്.

പ്രവൃത്തി പൂർത്തീകരിക്കാൻ സ്വീകരിച്ച തുടർ നടപടി അറിയിക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻകയറി നം. 29/28.6.2025ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഹെൽത്ത് സബ് സെന്ററർ കെട്ടിട നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കി വിവരം അറിയിക്കേണ്ടതാണ്.

1-31-2 എലിവാൽ ഹെൽത്ത് സബ് സെന്റർ കെട്ടിട നിർമ്മാണം - നാളിതുവരെ പൂർത്തീകരിച്ചില്ല

മലമ്പുഴ എലിവാലിൽ 167.74m2 വിസ്തീർണ്ണത്തിൽ ക്ലിനിക്, ഇമ്മ്യൂണൈസേഷൻ റൂം, 2 ടോയ്‌ലറ്റ്, ഫീഡിംഗ് റൂം, സ്റ്റോർ റൂം, ലിവിംഗ് റൂം, ബെഡ് റൂം, വർക്ക് ഏരിയ എന്നിവ ഉൾപ്പെടുന്ന RCC മേൽക്കൂരയോടു കൂടിയ രണ്ടു നില കെട്ടിടം നിർമ്മിക്കുന്നതിനാണ് പ്രൊജക്ട് പ്രകാരം വിഭാവനം ചെയ്തിരിക്കുന്നത്. മേൽ പദ്ധതിക്കു വേണ്ടി താഴെ പറയുന്ന പ്രൊജക്ട് ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

പ്രൊജക്ട് നം.318/25-എലിവാൽ ഹെൽത്ത് സബ് സെന്റർ കെട്ടിട നിർമ്മാണം

അടങ്കൽ - ₹5550000/- ഹെൽത്ത് ഗ്രാന്റ്

ചെലവ് - ₹793509/- (വൗച്ചർ നം.22401209/10.2.2025 -₹749797)

(വൗച്ചർ നം.22401238/14.3.2025 -₹6725)

(വൗച്ചർ നം.22401235/14.3.2025 -₹6725)

(വൗച്ചർ നം.22401236/14.3.2025 -₹6725)

(വൗച്ചർ നം.22401237/14.3.2025 -₹6725)

Retention Amount -₹16812

₹377575 (വൗച്ചർ നം.22401328/23.3.2025 -₹356776)

(വൗച്ചർ നം.22401321/23.3.2025 -₹3200)

(വൗച്ചർ നം.22401322/23.3.2025 -₹3200)

(വൗച്ചർ നം.22401323/23.3.2025 -₹3200)

(വൗച്ചർ നം.22401324/23.3.2025 -₹3200)

Retention Amount -₹7999

എഗ്രിമെന്റ് നം. 46/16.2.2024

കരാറുകാരൻ -ശ്രീ.ഉണ്ണി.എം.

എം.ബുക്ക് നം. - 108759/2023

നിർവ്വഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് എഞ്ചിനീയർ

എലിവാൽ ഹെൽത്ത് സബ് സെന്റർ കെട്ടിട നിർമ്മാണം എന്ന പ്രവൃത്തിയിൽ 16.2.2024ന് എഗ്രിമെന്റ് വെച്ച് കരാറുകാരന് 26.2.2024ന് സൈറ്റ് കൈമാറിയിട്ടുള്ളതാണ്. പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ടി.എസ്. പ്രകാരം 9 മാസമാണ്. മേൽ പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. എസ്റ്റിമേറ്റിൽ ഇലക്ട്രിഫിക്കേഷന് ₹350000 വകയിരുത്തിയിട്ടുണ്ട്. നം.02/2025-26/AE/LID &EW/MPZA തിയതി, 11.4.2025 കത്ത് പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ ജില്ലാ പഞ്ചായത്ത് ഇലക്ട്രിക്കൽ സെക്ഷൻ എക്സിക്യുട്ടീവ് എഞ്ചിനീയർക്കയച്ച കത്തിൽ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തിക്ക് ആവശ്യമായ എസ്റ്റിമേറ്റ് അടിയന്തിരമായി എടുത്തു നൽകുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്.

പ്രവൃത്തി പൂർത്തീകരിക്കാൻ സ്വീകരിച്ച തുടർ നടപടി അറിയിക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻകുയറി നം. 29/28.6.2025ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഹെൽത്ത് സബ് സെന്റർ കെട്ടിട നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കി, പ്രവർത്തനക്ഷമമാക്കി വിവരം അറിയിക്കേണ്ടതാണ്.

1-32 പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല

2012 ലെ കേരള PWD മാനുവലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് അതുവരെ രണ്ട് തവണകളായി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. ഖണ്ഡിക 2112.1 ൽ കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആദ്യ തവണ

ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 1% തുകയും (കുറഞ്ഞത് 1000 രൂപ, കൂടിയത് 50000 രൂപ) ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% തുകയും (കുറഞ്ഞത് 2000 രൂപ, കൂടിയത് 100000 രൂപ) പിഴയായി ഈടാക്കേണ്ടതാണ്.

കരാർ കാലാവധി തീരുന്നതിനു മുമ്പ്, കരാറുകാരൻ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ നൽകേണ്ടതാണ്. താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാരന്

പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ പിഴ ഈടാക്കിയിട്ടില്ല.

ക്രമ നം.	പ്രവൃത്തിയുടെ വിവരം	പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തിയതി	പൂർത്തീകരിച്ച തിയതി	ഈടാക്കിയ പിഴ	ഈടാക്കേണ്ടിയിരുന്നത്	കുറവ്
1	199/25-കിളിയക്കാട് റോഡ് മെയിന്റനൻസ് അടങ്കൽ - ₹657424 – MG(R) PAC- ₹557020.09 APAC- ₹451037 കരാറുകാരൻ - ശ്രീ.സെബാസ്റ്റ്യൻ കാപ്പൻ എഗ്രിമെന്റ് നം.: 15/30.10.2023	6.7.2024	13.12.2024	0	16711 (3%)	16711

	അളവു പുസ്തകം - 80176/2023 ചെലവ് - ₹530499- (ട്രഷറി ബിൽ നം. 39/21.1.2025) പൂർത്തീകരണ കാലാവധി - 8 മാസം സൈറ്റ് ഹാൻഡ് ഓവർ -7.11.2023					
	2024 ജൂൺ 30 ആണ് ഈ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി എന്നും ഇപ്പോഴത്തെ കാലാവസ്ഥ സാഹചര്യത്തിൽ പണി പൂർത്തീകരിക്കാൻ സാധിക്കില്ല എന്നും സമയം നീട്ടി നൽകണം എന്നും രേഖപ്പെടുത്തി 27.06.2024ൽ കരാറുകാരൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. വീണ്ടും പണി തുടങ്ങി വച്ചെങ്കിലും അതിർത്തി തർക്കം കാരണം നിർത്തിവച്ചു. ഡിസംബർ വരെ സമയം അനുവദിക്കണം എന്ന് കരാറുകാരൻ ആവശ്യപ്പെട്ടിട്ടുണ്ട്. 6.10.2024 വരെയും 6.1.2025 വരെയും ഫൈനില്ലാതെ അസിസ്റ്റന്റ് എഞ്ചിനീയർ സമയം നീട്ടി നൽകിയിട്ടുണ്ട്. കാരണം രേഖപ്പെടുത്തിയിട്ടില്ല. 30.10.2023ന് എഗ്രിമെന്റ് വെച്ച പ്രവൃത്തിയ്ക്ക് 27.6.2024നാണ് കരാറുകാരൻ ഇപ്പോഴത്തെ കാലാവസ്ഥാ സാഹചര്യത്തിൽ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കില്ല എന്ന് അറിയിച്ചിട്ടുള്ളത്.					

	കൂടാതെ അതിർത്തി തർക്കം സംബന്ധിച്ച് വാർഡ് മെമ്പറുടെ കത്തോ ഭരണ സമിതി തീരുമാനമോ ഇല്ല. അതിനാൽ മറുപടി അംഗീകരിക്കാൻ നിർവാഹമില്ല.					
2	198/25-മൂപ്പൻചോല DWSS കംപ്ലീഷൻ അടങ്കൽ - ₹500000 – തനതു ഫണ്ട് PAC- ₹401918.22 APAC- ₹434066 കരാറുകാരൻ - ശ്രീ.സുനിൽപോൾ എഗ്രിമെന്റ് നം.: 4/2.6.2023 അളവു പുസ്തകം - 82758/2022 ചെലവ് - ₹220547 (2022-23) ₹274272 (ചെക്ക് നം. 84193/4.12.2024- ₹264170 വൌച്ചർ നം. 22400852/4.12.2024- ₹2324	01.12.2023	18.11.2024	0	(3%)	12058

	22400853/4.12.2024-₹2325 22400854/4.12.2024-₹2325 22400855/4.12.2024-₹2324) പൂർത്തീകരണ കാലാവധി - 6 മാസം സൈറ്റ് ഹാൻഡ് ഓവർ -9.6.2023					
	നിലവിലുള്ള കിണറിൽ ടാങ്ക്, ഫെറോസിമന്റ് പമ്പ് ഹൌസ്, 5HP മോട്ടോർ, KSEB കണക്ഷൻ എന്നിവ ചെയ്യുന്നതിനാണ് തുക വകയിരുത്തിയിരിക്കുന്നത്. പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 6 മാസമാണ്. നം.4/2023-24/AE/LID&EW/MPZA തിയതി, 20.5.2024 ആയുള്ള കത്ത് പ്രകാരം പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി തീരാറായി എന്നും അതിനാൽ എത്രയും പെട്ടെന്ന് പ്രവൃത്തി തുടങ്ങി പൂർത്തീകരിക്കണം എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ കരാറുകാരനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കെഎസ്ഇബി കണക്ഷനു ശേഷം ബാക്കി വന്ന തുകയ്ക്ക് കൂടുതൽ പ്രവൃത്തി ചെയ്യാൻ ആവശ്യപ്പെട്ടതിനാൽ കാലാവധി 20.11.2024വരെ നീട്ടി നൽകണം എന്ന് കരാറുകാരൻ അപേക്ഷിച്ചിട്ടുണ്ട്. എന്നാൽ അളവു പുസ്തകം പരിശോധിച്ചതിൽ കൂടുതൽ					

	പ്രവൃത്തി ചെയ്തതായി കാണുന്നില്ല. ആയതിനാൽ തന്നെ കരാറുകാരന്റെ അപേക്ഷ അംഗീകരിക്കാവുന്നതല്ല.					
3	174/25-ആനക്കൽ സ്ക്കൂൾ റോഡ് മെയിന്റനൻസ് അടങ്കൽ - ₹657425 – MG(R) PAC- ₹557034.64 APAC- ₹456695 കരാറുകാരൻ - ശ്രീ.സെബാസ്റ്റ്യൻ കാപ്പൻ എഗ്രിമെന്റ് നം.: 14/30.10.2023 അളവു പുസ്തകം - 66934/2023 ചെലവ് - ₹535418 (ബിൽ നം.46/22.2.2025) പൂർത്തീകരണ കാലാവധി - 8 മാസം	3.7.2024	31.1.2025	0	25370 (3%)	25370

	സൈറ്റ് ഹാൻഡ് ഓവർ -4.11.2023					
	പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 8 മാസമാണ്. ജൂൺ 30 പണി തുടങ്ങി വച്ചെങ്കിലും ഇപ്പോഴത്തെ കാലാവസ്ഥാ സാഹചര്യത്തിൽ പണി പൂർത്തീകരിക്കാൻ സാധിക്കില്ല എന്നും അതിർത്തി തർക്കം സൂചിപ്പിച്ചും രണ്ട് പ്രാവശ്യം കരാറുകാരൻ കാലാവധി ദീർഘിപ്പിക്കാൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. 30.10.2023ന് എഗ്രിമെന്റ് വെച്ച പ്രവൃത്തിയായതിനാൽ പിഴയില്ലാതെ കാലാവധി നീട്ടി നൽകിയത് അംഗീകരിക്കത്തക്കതല്ല. കൂടാതെ അതിർത്തി തർക്കം സംബന്ധിച്ച് വാർഡ് മെമ്പറുടെ കത്തോ ഭരണ സമിതി തീരുമാനമോ ഇല്ല. പ്രവൃത്തി പൂർത്തീകരിച്ചത് 31.1.2025നാണ്.					
	ആകെ ഈടാക്കേണ്ട തുക					54139

പിഴ ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറി നം. 24/28.6.2025ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ പിഴയിനത്തിൽ ഈടാക്കാതിരുന്ന തുക ₹54139 ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം പിഴ ഈടാക്കാതിരുന്നതിന് നടപടി സ്വീകരിക്കാതിരുന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായിരിക്കുന്നതാണ്.

1-33 ലക്ഷം വീട് കോളനി ഡ്രെയിനേജ് നിർമ്മാണം-നാളിതുവരെ പൂർത്തിയായില്ല

195/25-ലക്ഷം വീട് കോളനി ഡ്രെയിനേജ് നിർമ്മാണം

അടങ്കൽ -₹400000 - വികസന ഫണ്ട്(സിഎഫ്സി)

ചെലവ് -₹93326 (2022-23 വർഷം)

₹292784 (ട്രഷറി ബിൽ നം.19/5.7.2024)

കരാറുകാരൻ -മാത്യു.എം.സി.

എം.ബി. നം. -42292/2022

എഗ്രിമെന്റ് നം.-3/13.1.2023

പൂർത്തീകരണ കാലാവധി -8 മാസം

2022-23 വർഷം എഗ്രിമെന്റ് വെച്ച പ്രവൃത്തിയിൽ രണ്ട് പാർട്ട് ബില്ലുകളാണ് നൽകിയിട്ടുള്ളത്. പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറി നം.23/28.6.2025ന് മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കേണ്ടതും പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകുമ്പോൾ കാലതാമസത്തിന് പിഴ ഈടാക്കേണ്ടതുമാണ്.

1-34 ആയുർവേദ ഹോസ്പിറ്റലിൽ സ്റ്റോർ റൂം നിർമ്മാണം-തുടർ നടപടി സ്വീകരിക്കേണ്ടതാണ്

153/25-ആയുർവേദ ഹോസ്പിറ്റലിൽ സ്റ്റോർ റൂം നിർമ്മാണം

അടങ്കൽ -₹400000 - വികസന ഫണ്ട്(ജനറൽ)

ചെലവ് -₹319162 (ട്രഷറി ബിൽ നം.6/15.4.2024)

₹47714 (ട്രഷറി ബിൽ നം.10/15.4.2024)

കരാറുകാരൻ -ശ്രീ.സുദർശൻ.കെ.

എം.ബി. നം. - 42292/2022

എഗ്രിമെന്റ് നം.- 1/13.4.2023

160/24 -ആയുർവേദ ഹോസ്പിറ്റലിൽ സ്റ്റോർ റൂം ഇലക്ട്രിഫിക്കേഷൻ

ചെലവ് -21000 (ട്രഷറി ബിൽ നം.36/11.12.2024)

ആയുർവേദ ആശുപത്രിയിൽ സ്റ്റോർ റൂം നിർമ്മാണം, ഇലക്ട്രിഫിക്കേഷൻ എന്നീ രണ്ടു പ്രവൃത്തികൾ നടപ്പിലാക്കുകയും പ്രവൃത്തികൾ പൂർത്തീകരിച്ച് കരാറുകാരന് ഫൈനൽ ബിൽ നൽകുകയും ചെയ്തിട്ടുണ്ട്.

മെഡിക്കൽ ഓഫീസർ, ആയുർവേദം 26.07.2024ൽ സി-127/2024-ാം നമ്പറായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കയച്ച കത്ത് പ്രകാരം മരുന്നുകൾ സൂക്ഷിക്കാൻ പുതുതായി നിർമ്മിച്ച സ്റ്റോർ റൂമിന്റെ ചുമരുകളിലും തറയിലും ഈർപ്പം അനുഭവപ്പെടുന്നുവെന്നും, ഇത് മുറിയിൽ സൂക്ഷിച്ചിരിക്കുന്ന കഷായ ചൂർണ്ണങ്ങൾ ഉൾപ്പെടെയുള്ള ഔഷധങ്ങളുടെ ഗുണനിലവാരത്തെ ബാധിക്കാനും ഔഷധങ്ങൾ പെട്ടെന്ന് കേടാവാനും സാധ്യതയുണ്ടാകുമെന്നതിനാൽ ഇക്കാര്യം അറിയിച്ച് അസിസ്റ്റന്റ് എഞ്ചിനിയർക്ക് ഒരു കത്ത് നൽകിയിരുന്നു എന്നും അതിൻ പ്രകാരം അസിസ്റ്റന്റ് എഞ്ചിനിയർ വന്ന് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാം എന്ന് അറിയിച്ചിരുന്നു എങ്കിലും മഴയെ തുടർന്ന് ഇതുവരെ അറ്റകുറ്റപണികൾ ആരംഭിച്ചിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്.

അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം നിലവിലുള്ള സ്റ്റോർ റൂം നിർമ്മാണം എന്ന പ്രവൃത്തിയിൽ Parapet & Plinth Protection പ്രവൃത്തി ഒന്നും ഉണ്ടായിരുന്നില്ല എന്നും പ്രവൃത്തി പൂർത്തീകരിക്കാൻ 2024-25 വർഷത്തിൽ 2 ലക്ഷം രൂപയ്ക്കുള്ള പ്രവൃത്തി അടിയന്തിരമായി പ്രൊജക്ടിൽ ഉൾപ്പെടുത്തേണ്ടതാണ് എന്നും കൂടാതെ കെട്ടിടത്തിന്റെ ചുറ്റും മരങ്ങൾ ഉണ്ട്. അതിന്റെ വേരുകൾ കെട്ടിടത്തിന് ഭീഷണിയാണ്, ആയതിനാൽ ആ മരങ്ങൾ അടിയന്തിരമായി മുറിച്ചു മാറ്റേണ്ടതാണ് എന്നും അറിയിച്ചിട്ടുണ്ട്.

2024-25 ചെലവു പത്രിക പ്രകാരം മേൽ അപാകത പരിഹരിക്കുന്നതിനുള്ള പ്രൊജക്ട് ഉൾപ്പെടുത്തിയിട്ടില്ല.

അപാകത പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻകുയറി നം.23/28.6.2025ന് മറുപടി ലഭ്യമാക്കിയില്ല. അപാകത പരിഹരിക്കാൻ തുടർ നടപടികൾ സ്വീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

1-35 റോഡ് ടാറിംഗ് പ്രവൃത്തിയുടെ അവസാന ബില്ലിൽ നിന്നും ടാർ ബാരലുകളുടെ വില കുറവു ചെയ്തില്ല

പ്രൈസ് സോഫ്റ്റ്വെയർ മുഖേന തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കുകൾ (With Packed Bitumin Rates) അനുസരിച്ചുള്ള ഫൈനൽ ബില്ലിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനു ശേഷമാണ് കരാറുകാരന് തുക നൽകേണ്ടത്. കാലി ബാരൽ ഒന്നിന് 238 രൂപയും 18% GST ഉൾപ്പടെ ആകെ 281 രൂപ ഈടാക്കേണ്ടതായിരുന്നു. എന്നാൽ താഴെ പറയുന്ന പ്രവൃത്തിയുടെ അവസാന ബില്ലിൽ നിന്നും ബാരൽ വില ഈടാക്കിയിട്ടില്ല.

ക്രമനം.	പ്രവൃത്തി, അളവു പുസ്തകം	ബിൽ നം., തിയതി തുക (രൂപ)	ടാറിന്റെ ഇനം, ഉപയോഗിച്ച അളവ് (Kg)	ബാരലിന്റെ എണ്ണം
1	160/25 -മലമ്പുഴ ഹൗസ് മുതൽ നവോദയ സ്ക്കൂൾ റോഡിന് പുറകുവശം റോഡ് റീടാറിംഗ് അടങ്കൽ -657424 MG(R) കരാറുകാരൻ - ശ്രീമതി.പ്രജിത.വി. എഗ്രിമെന്റ് നം.:8/16.10.2023	ബിൽ നം. 34/28.11.2024 ചെലവ്: - ₹570301	RS1- 462 VG- 30 – 3932.03	1 25 26 Barrel

	അളവു പുസ്തകം - 66321/2023			
	ബാരലിന്റെ വില - 26x281 = ₹7306 (6188 + 1118 – GST)			

പ്രവൃത്തിക്കായി ഉപയോഗിച്ച ബാരലുകളുടെ വില ₹7306/- (₹6188-കാലി ബാരൽ വില + ₹1118-ജി.എസ്.ടി) കരാറുകാരനിൽ നിന്നും ഈടാക്കി ₹6188/- അതത് ഫണ്ടിലേക്ക് അടവാക്കുകയും, ജി.എസ്.ടി ₹1118/- ജി.എസ്.ടി ഹെഡിലേക്ക് അടവാക്കുകയും ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ശീർഷകങ്ങളിലേക്ക് അടവാക്കേണ്ടതാണ്. ആയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

ഓഡിറ്റ് അന്വേഷണം നം. 23/28.6.2025ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

തുടർനടപടികൾ സ്വീകരിച്ച് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

ഭാഗം 3-2 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

1-36 ഹോമിയോ ഡിസ്പെൻസറി കെട്ടിട നിർമ്മാണം -പൂർത്തിയാക്കേണ്ടതാണ്

201/25-ഹോമിയോ ഡിസ്പെൻസറി കെട്ടിട നിർമ്മാണം

അടങ്കൽ -₹3683526 - വികസന ഫണ്ട്(ജനറൽ)

₹316474 – വികസന ഫണ്ട് (സിഎഫ്സി)

ആകെ -₹4000000

==========

ചെലവ് -₹1574153 (2023-24 വർഷം)

₹262079 (ട്രഷറി ബിൽ നം. 2/15.4.2024)

₹11593 (ട്രഷറി ബിൽ നം. 44/3.2.2025)

₹492899 (ട്രഷറി ബിൽ നം. 43/3.2.2025)

ആകെ ചെലവ് -₹2340724

കരാറുകാരൻ -സേവ്യർ ജോർജ്

എം.ബി. നം. -34204/2022

Letter Of Acceptance -3.2.2023

എഗ്രിമെന്റ് നം.-29/22.2.2023

സൈറ്റ് ഹാൻഡ് ഓവർ -4.3.2023

പ്രവൃത്തി പൂർത്തീകരണ കാലാവധി -1 വർഷം (3.3.2024)

ഗ്രാമപഞ്ചായത്തിൽ കടുക്കാംകുന്നം-വാരണിയിൽ നിലവിലുള്ള ഹോമിയോ ഡിസ്പെൻസറി കെട്ടിടം പൊളിച്ചുമാറ്റി 127.47m2 വിസ്തീർണത്തിൽ Waiting Area, മെഡിക്കൽ ഓഫീസറുടെ റൂം ടോയ്ലറ്റ് ഉൾപ്പെടെ, ഫാർമസി, റെസ്റ്റ് റൂം, ഫീഡിംഗ് റൂം, സ്റ്റോർ റൂം പൊതു ടോയ്ലറ്റ് എന്നിവ നിർമ്മിക്കുന്നതിനാണ് എസ്റ്റിമേറ്റ് പ്രകാരം തുക വകയിരുത്തിയിരിക്കുന്നത്. പ്രവൃത്തിക്കായി 22.02.23ൽ കരാർ വെച്ചെങ്കിലും 10/23നു ശേഷവും പ്രവൃത്തി നിർവഹണം ആരംഭിച്ചിട്ടില്ല. 16.10.23ന്

